03
2024
നവംബർ
ഞായർ
തുലാം 18

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391








തിരുവനന്തപുരം Thiruvananthapuram web: www.nauticaltimesmedia.com Volume-6, Issue No.1 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-1 പേജ് 4. വില 2.00 രൂപ



02 വിമുക്തസൈനികർക്ക് രണ്ട് കോടി രൂപവരെ കെഎഫ്സി സംരംഭക വായ്പ

03 ഇനിയും' ചിത്രീകരണം തുടങ്ങി

04 സർക്കാർ മേഖലയിലെ 10 കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളും വിജയം


# ദുരിത പെയ്ത്ത് തുടരുന്നു

## വീടുകളിൽ വെള്ളം കയറി, ഒരാൾ മരിച്ചു

തിരുവനന്തപുരം: കനത്ത മഴയിലും കാറ്റിലും സംസ്ഥാനത്ത് വ്യാപക നാശനഷ്ടം. ഇടിമിന്നലേറ്റ് ആലപ്പുഴയിൽ ഒരാൾ മരിച്ചു. ഹരിപ്പാട് ആനാരി വലിയപറമ്പിൽ ശ്യാമള ഉത്തമൻ (58) ആണ് മരിച്ചത്. വീയപുരം സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിലെ തൊഴിലാളിയായിരുന്നു ശ്യാമള. ജോലി ചെയ്യുന്നതിനിടെയാണ് ശ്യാമളയ്ക്ക് മിന്നലേറ്റത്.

കഴക്കൂട്ടത്ത് അങ്കണവാടിയിലും വീടുകളിലും വെള്ളം കയറി. ഉള്ളൂർക്കോണത്താണ് വീടുകളിൽ വെള്ളം കയറിയത്. ഇവിടെയുള്ളവർ ബന്ധുവീടുകളിലേക്ക് മാറി. കോഴിക്കോട് ചാത്തമംഗലത്ത് ശക്തമായ



കാറ്റിലും മഴയിലും മരംവീണ് വീടുകളും വാഹനങ്ങളും തകർന്നു. എറണാകുളം തൃക്കാക്കരയിൽ രണ്ട് ഇടങ്ങളിൽ മരങ്ങൾ കടപുഴകി വീണു.

കാക്കനാട് പിഡബ്ല്യൂഡി റസ്റ്റ് ഹൗസിന് സമീപത്തും കുഴിക്കാല അമ്പലത്തിന് സമീപത്തും മരങ്ങൾ കടപുഴകി വീണു. പത്തനംതിട്ടയിലെ മലയോര മേഖലകളിൽ കനത്ത മഴ തുടരുകയാണ്. സംസ്ഥാനത്ത് രണ്ട് ദിവസം കൂടി മഴ തുടരുമെന്നാണ് കാലാവസ്ഥ കേന്ദ്രത്തിന്റെ മുന്നറിയിപ്പ്.

# വലിയ ഇടയന് വിട

## തോമസ് പ്രഥമൻ ബാവ ഇനി ദീപ്ത സ്മരണ

കൊച്ചി: യാക്കോബായ സുറിയാനി സഭയുടെ തലവൻ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവായ്ക്ക് വിട. പുത്തൻകുരിശിലെ പാത്രിയർക്കീസ് സെൻററിനോട് ചേർന്ന കത്തീഡ്രലിൽ പ്രത്യേകം തയാറാക്കിയ കല്ലറയിൽ പൂർണ ഔദ്യോഗിക ബഹുമതികളോടെയാണ് ബാവായെ കബറടക്കിയത്.

മെത്രാപ്പൊലീത്തൻ ട്രസ്റ്റി ജോസഫ് മാർ ഗ്രിഗോറിയോസിന്റെ മുഖ്യ കാർമികത്വത്തിൽ ആയിരുന്നു കബറടക്ക ശുശ്രൂഷകൾ നടന്നത്. പുത്തൻകുരിശ് മാർ അത്തനേഷ്യസ് കത്തീഡ്രലിൽ വൈകുന്നേരം മൂന്നോടെയാണ് സംസ്കാര ശുശ്രൂഷകൾക്ക് തുടക്കമായത്. 5.40 ഓടെ ചടങ്ങുകൾ പൂർത്തിയായി.

ശ്രേഷ്ഠ ബാവായ്ക്ക് വിട നൽകാൻ ആയിരങ്ങളാണ് പുത്തൻകുരിശിലെ സഭാ ആസ്ഥാനത്തെത്തിയത്. അമേരിക്കയിൽ നിന്നും യൂറോപ്പിൽ നിന്നും എത്തിയ മെത്രാപ്പൊലീത്തമാരും ചടങ്ങിൽ കാർമ്മികരായി. സംസ്ഥാന സർക്കാരിന്റെ അനുശോചന സന്ദേശം മന്ത്രി വി. എൻ. വാസവൻ അറിയിച്ചു. 25 വർഷക്കാലം സഭയെ നയിച്ച വ്യക്തിത്വമാണ് തോമസ് പ്രഥമൻ കാതോലിക്കാ ബാവ.

ജോസഫ് മാർ ഗ്രിഗോറിയോസ് പിൻഗാമിയാകണമെന്നാണ് ബസേലിയോസ് തോമസ് പ്രഥമൻ ബാവയുടെ വിൽപത്രത്തിൽ അറിയിച്ചിരിക്കുന്നത്. ജോസഫ് മാർ ഗ്രിഗോറിയോസ് പിൻഗാമിയാകണമെന്നാണ് ആ



ഗ്രഹമെന്നും എന്നാൽ ഇക്കാര്യം സഭയ്ക്ക് തീരുമാനിക്കാമെന്നും വിൽപത്രത്തിൽ ബാവ പറയുന്നു.

ഗവർണർ, മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി, നടൻ മമ്മൂട്ടി തുടങ്ങിയവർ അന്തിമോപചാരം അർപ്പിക്കാനെത്തിയിരുന്നു. ഓർത്തഡോക്സ് യാക്കോബായ സഭാ തർക്കം പരിഹരിക്കുമെന്ന് ബാവയ്ക്ക് നൽകിയ വാക്ക് പാലിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

സർക്കാർ എന്ത് തീരുമാനം എടുത്താലും ഒപ്പം ഉണ്ടാകുമെന്ന് അദ്ദേഹം ഉറപ്പ് നൽകിയിരുന്നു എന്നും അനുശോചന പ്രസംഗത്തിൽ മുഖ്യമന്ത്രി അനുസ്മരിച്ചു.

# മൊബൈൽ ആപ്പിലൂടെ മസ്റ്ററിംഗ് നടത്തുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളം മാറും : മന്ത്രി ജി.ആർ. അനിൽ

മൊബൈൽ ആപ്പിലൂടെ മസ്റ്ററിംഗ് നടത്തുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളം മാറുമെന്ന് പ്രതീക്ഷിക്കുന്നതായി ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രി ജി ആർ അനിൽ. മേരാ ഗഥഇ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് നവംബർ മുപ്പതിനുള്ളിൽ കേരളത്തിലുള്ള മുഴുവൻ എ.എ.വൈ, പി.എച്ച്.എച്ച് ഗുണഭോക്താക്കളുടെയും മസ്റ്ററിംഗ് പൂർത്തിയാക്കുമെന്നും മന്ത്രി പറഞ്ഞു. റേഷൻ കാർഡ് മസ്റ്ററിങ്ങിന് യുഐഡിഎഐ അംഗീകാരമുള്ള മേരാ ഗഥഇ മൊബൈൽ ആപ്പ് പരിചയപ്പെടുത്തി സംസാരിക്കുകയിരുന്നു മന്ത്രി.

ഹൈദ്രാബാദ് എൻഐസിയുടെ സഹായത്തോടെ വികസിപ്പിച്ച ആപ്പിന്റെ സാങ്കേതിക പരിശോധന നടത്തി വരുകയാണ്. നവംബർ പതിനൊന്നാം തീയതിയോടെ ഈ സംവിധാനം പ്രവർത്തനക്ഷമമാകും. പ്ലേ സ്റ്റോറിൽ നിന്നും ഈ ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്ത് ഇകൈവൈസി അപ്ഡേഷൻ നടത്താനാകും.

നിലവിൽ കേരളത്തിലെ റേഷൻ കാർഡ് മസ്റ്ററിങ് 84% പൂർത്തിയാക്കി. സംസ്ഥാനത്ത് 19,84,134 എ.എ.വൈ കാർഡ് അംഗങ്ങളിൽ 16,75,686 പേരും (84.45 %) പി.എച്ച്.എച്ച് വിഭാഗത്തിലുള്ള 1,33,92,566 അംഗങ്ങളിൽ 1,12,73,363 പേരും ( 84.18 %) മസ്റ്ററിംഗ് പൂർത്തീകരിച്ചു. ഏറെ താമസിച്ചാണ് കേരളത്തിൽ മസ്റ്ററിംഗ് നടപടികൾ ആരംഭിച്ചതെങ്കിലും ഏറ്റവും കൂടുതൽ മുൻഗണനാ റേഷൻ കാർഡ് അംഗങ്ങൾ മസ്റ്ററിംഗ് പൂർത്തീകരിച്ച രാജ്യത്തെ മൂന്നാമത്തെ സംസ്ഥാനമാണ് കേരളം. റേഷൻ വ്യാപാരികളിൽ നിന്നും ഗുണഭോക്താക്കളിൽ നിന്നും മികച്ച രീതിയിലുള്ള സഹകരണവും പിൻതുണയുമാണ് മസ്റ്ററിംഗിന് ലഭിക്കുന്നുണ്ട്.

നവംബർ 5 ന് അവസാനിക്കുന്ന നിലവിലെ മസ്റ്ററിംഗ് നടപടികൾ, 6ാം തീയതി മുതൽ ഐറിസ് സ്കാനർ ഉപയോഗിച്ചു വ്യാപകമാക്കാനാണ് ഉദ്ദേശിക്കുന്നത്. ആദ്യ ഘട്ടത്തിൽ അപ്ഡേഷൻ ചെയ്യാൻ സാധിക്കാത്ത കിടപ്പ് രോഗികൾ, കുട്ടികൾ, ഇപോസിൽ വിരലടയാളം പതിയാത്തവർ എന്നിവർക്ക് ഐറിസ് സ്കാനറിന്റെ സഹായത്തോടെയുള്ള ക്യാമ്പുകൾ സംഘടിപ്പിച്ച് ഇകൈവൈസി അപ്ഡേഷൻ താലൂക്കുകളിൽ നടത്തിവരുന്നതായും മന്ത്രി അറിയിച്ചു.

## ചാമ്പ്യൻസ് ബോട്ട് ലീഗ് വള്ളംകളി നടത്താൻ വിജ്ഞാപനം പുറത്തിറങ്ങി

തിരുവനന്തപുരം: ചാമ്പ്യൻസ് ബോട്ട് ലീഗ് വള്ളംകളി നടത്താൻ നടപടി തുടങ്ങി സംസ്ഥാന സർക്കാർ. സിബിഎൽ നടത്താനുള്ള സർക്കാരിന്റെ വിജ്ഞാപനം പുറത്തിറങ്ങി.

ആറുസ്ഥലങ്ങളിലായിട്ടായിരിക്കും വള്ളംകളി നടക്കുക. നവംബർ 16ന് കോട്ടയം താഴത്തങ്ങാടിയിലാണ് ആദ്യ മത്സരം. ഡിസംബർ 21ന് കൊല്ലത്താണ് സമാപനം.

# കൊടകര കുഴൽപ്പണം; എത്തിയത് ബിജെപിയുടെ തെരഞ്ഞെടുപ്പ് ഫണ്ടെന്ന് ഓഫീസ് സെക്രട്ടറി

തൃശൂർ: കൊടകര കുഴൽപ്പണക്കേസിൽ വെളിപ്പെടുത്തലുമായി ബിജെപി മുൻ ഓഫീസ് സെക്രട്ടറി തിരൂർ സതീഷ്. കുഴൽപ്പണമായി എത്തിയത് ബിജെപിയുടെ തെരഞ്ഞെടുപ്പ് ഫണ്ടാണെന്ന് തിരൂർ സതീഷ് പറഞ്ഞു.

ഓഫീസിലേക്ക് ചാക്കുകെട്ടുകളിൽ നിറച്ചായിരുന്നു പണം എത്തിച്ചിരുന്നത്. ധർമ്മരാജൻ എന്ന വ്യക്തിയാണ് പണം കൊണ്ടുവന്നത്. ധർമ്മരാജൻ പണവുമായി ജില്ലാ ഓഫീസിലെത്തുമ്പോൾ അവിടെ ബിജെപി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ ഉണ്ടായിരുന്നു.

ധർമ്മരാജന് മുറി എടുത്തുകൊടുത്തത് താനാണ്. പണത്തിനു കാവലിരുന്നത് താനാണെന്നും സതീഷ് പറഞ്ഞു. കവർച്ച ചെയ്യപ്പെട്ടത് തൃശൂർ ജില്ലാ ഓഫീസിൽ നിന്ന് ആലപ്പുഴയിലേക്ക് കൊണ്ടുപ്പോയ പണമാണ്.

ജില്ലാ നേതൃത്വം പറഞ്ഞത് അനുസരിച്ചാണ് അന്ന് താൻ പ്രവർത്തിച്ചതെന്നും കൂടുതൽ കാര്യങ്ങൾ വെളിപ്പെടുത്തുമെന്നും സതീഷ് പറഞ്ഞു.

അതേസമയം, 2021 ഏപ്രിൽ ഏഴിനാണ് കൊടകര പോലീസ് കേസ് രജിസ്റ്റർ ചെയ്തത്. തുടർന്നു പോലീസ് കുറ്റപത്രം കോടതിയിൽ സമർപ്പിച്ചു. മൂന്നര കോടി കവർന്ന കേസിൽ ഇതുവരെ 1.47 കോടി രൂപയാണ് കണ്ടെടുത്തത്.

# വിവാഹത്തിന് കാത്തിരിക്കാം

## കൊമ്പൻസിന്റെ ഗോൾകീപ്പർ ഹർഷിന് പ്രാധാന്യം ഫുട്ബോൾ

മഞ്ചേരി (മലപ്പുറം):സൂപ്പർ ലീഗ് കേരള ടീം തിരുവനന്തപുരം കൊമ്പൻസ് എഫ്സിയുടെ മികച്ച താരമാണ് ഹർഷ് രാജേഷ് പാട്ടീൽ. 25ാം വയസ്സിൽ, പ്രതിഭാധനനായ ഈ ഗോൾകീപ്പർ വിവാഹ ആഘോഷങ്ങൾക്ക് വിട നൽകി തിരഞ്ഞെടുത്തത് ഫുട്ബോൾ മത്സരമാണ്, കൊൽക്കത്തയിലെ തന്റെ വിവാഹത്തിന് മുമ്പുള്ള ആഘോഷങ്ങൾ മാറ്റി വെച്ചാണ് ഹർഷ് പുതിയ ക്ലബ്ബിൽ പൂർണ്ണസമയം കളിക്കാരനായിരിക്കുന്നത്. മുംബൈയിലെ ചെമ്പൂർ സ്വദേശിയാണ് ഹർഷ്.ഹർഷിന്റെ കുടുബത്തിന് ഇന്ത്യൻ കായികരംഗമായും സംസ്കാരവുമായും ആഴത്തിലുള്ള ബന്ധമാണുള്ളത്.ഹർഷിന്റെ അച്ഛൻ രാജേഷ് ക്രിക്കറ്റ് ഇതിഹാസം സച്ചിൻ ടെണ്ടുൽക്കറുടെ സുഹൃത്തും സ്കൂൾ ടീമിലെ സഹകളിക്കാരനുമായിരുന്നു. ഹർഷിന്റെ അമ്മ രുപാലി സംഗീതജ്ഞയും.



ഹർഷ് തന്റെ ഭാവി രൂപപ്പെടുത്തിയത് ഫുട്ബോളിലായിരുന്നു. തന്റെ സ്കൂൾ കോച്ചിന്റെ പ്രോത്സാഹനത്തെ തുടർന്നാണ് ഹർഷ് അത്‌ലറ്റിക്സിൽ നിന്ന് ഗോൾകീപ്പിങ്ങിലേക്ക് മാറിയത്. വർഷങ്ങളായി, ഇന്ത്യൻ ഫുട്ബോൾ മത്സരങ്ങളിൽ അദ്ദേഹം തന്റെ കഴിവുകൾ പ്രകടിപ്പിച്ചു. ഡൽഹി ഡൈനാമോസ്, ബംഗളൂരു യുണൈറ്റഡ് എഫ്സി, ശ്രീനിധി ഡെക്കാൻ എഫ്സി തുടങ്ങിയ ക്ലബുകളിൽ കളിച്ച് പരിചയസമ്പന്നനായ അദ്ദേഹം സെക്കന്റ് ഡിവിഷൻ ഐലീഗിൽ മികച്ച പ്രകടനത്തിലൂടെ പ്രശസ്തി നേടി. കൊൽക്കത്തയിൽ നടന്ന വിവാഹ നിശ്ചയ ആഘോഷങ്ങൾക്കിടെയാണ് കൊമ്പൻസ് ഓഫർ എത്തിയത്. മാലിദ്വീപിൽ ജോലിചെയ്യുന്ന ഷെഫായ അദ്ദേഹത്തിന്റെ പ്രതിശ്രുതവധു (മോഹൻ ബഗാൻ ആരാധകയായ) റിമി മൊണ്ടലിന്റെ പിന്തുണയും ഹർഷിനുണ്ട്. 'എന്റെ കുടുംബത്തിന്റെയും പ്രതിശ്രുതവധുവിന്റെയും മികച്ച പിന്തുണച്ചു ലഭിക്കുന്നുണ്ടെന്നും' ഹർഷ് പറയുന്നു. പരിക്കിനെ തുടർന്ന് മാറിനിൽക്കേണ്ടി വന്ന പവൻ കുമാറിന് വേണ്ടി കളത്തിലിറങ്ങിയ ഹർഷ് കൊമ്പൻസിന്റെ യാത്രയിൽ മികച്ച പിന്തുണയാണ് നൽകുന്നത്. തന്റെ സ്വകാര്യ ജീവിതത്തിലെ പ്രധന ദിവസങ്ങളെ ഒഴിവാക്കി കളിക്കളത്തിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുകയാണ് ഹർഷ്.




# വ്യാജ മദ്യ ഉറവിടം കണ്ടെത്താന് പരിശോധന നടത്തും

കൊല്ലം: വ്യാജ മദ്യത്തിന്റെ ഉറവിടം കണ്ടെത്തുന്നതിന് പരിശോധന ശക്തമാക്കണമെന്ന് ജില്ലാതല ചാരായ നിരോധന ജനകീയ നിരീക്ഷണ സമിതി. ജില്ലാ കളക്ടർ എൻ. ദേവിദാസിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദേശം നൽകിയത്.

പള്ളിമുക്ക്, അഴീക്കൽ പാലം, തീരപ്രദേശം, കിഴക്കൻ മലയോര പ്രദേശങ്ങൾ, ട്രൈബൽ മേഖലകൾ കേന്ദ്രീകരിച്ച് പരിശോധന ഊർജിതമാക്കണം. തീരപ്രദേശങ്ങളിൽ ലഹരി വിമുക്ത ബോധവത്ക്കരണ പരിപാടികൾ കാര്യക്ഷമമാക്കും. കുറുപ്പടിയില്ലാതെ മരുന്നുകളും ഗുളികകളും നൽകുന്നതിനെതിരേ പരിശോധന ശക്തമാക്കും.

സ്കൂൾതലത്തിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി രൂപീകരിച്ച ലഹരി വിരുദ്ധ ക്ലബുകളുടെ പ്രവർത്തനങ്ങൾ ഊർജിതമാക്കണമെന്ന് യോഗത്തിൽ നിർദേശിച്ചു. ഒറ്റപ്പെട്ട ഇടങ്ങളിൽ, പ്രത്യേകിച്ച് രാത്രികാലങ്ങളിൽ, ലഹരി വസ്തുക്കളുടെ കച്ചവടം, ഉപഭോഗം വർധിക്കുന്ന സാഹചര്യങ്ങൾ കണക്കിലെടുത്ത് പട്രോളിംഗ് അടക്കമുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.

അതിർത്തി ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ച് പരിശോധന ശക്തമാക്കും. ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിൽ നിരോധിത പുകയില ഉൽപന്നങ്ങളുടെ ഉപയോഗം സംബന്ധിച്ച് പരിശോധന കർശനമാക്കും. 155358 ടോൾഫ്രീ നമ്പറിൽ പൊതുജനങ്ങൾക്ക് പരാതി അറിയിക്കാം.

1391 റെയ്ഡുകൾ ജില്ലയിൽ നടത്തി. ചെക്ക് പോസ്റ്റുകളിൽ ഉൾപ്പെടെ 5760 വാഹനങ്ങൾ പരിശോധിച്ചു. വിമുക്തിയുമായി ബന്ധപ്പെട്ട് 1621 പരിപാടികൾ നടത്തി. ഓണക്കാലം പ്രശ്ന രഹിതമാക്കുന്നതിന് മികച്ച പ്രവർത്തനം നടത്തിയ എക്സൈസ് വകുപ്പിനെ സമിതി അഭിനന്ദിച്ചു. ജില്ലാ കളക്ടറുടെ ചേമ്പറിൽ ചേർന്ന യോഗത്തിൽ മന്ത്രി ജെ. ചിഞ്ചുറാണിയുടെ പ്രതിനിധി എസ് സന്ദീപ്, കൊടിക്കുന്നിൽ സുരേഷ് എം. പിയുടെ പ്രതിനിധി ഏബ്രഹാം സാമുവൽ, ഡിസ്ട്രിക്ട് ലേബർ സർവീസസ് അതോറിറ്റി സെക്രട്ടറി ജിഷ മുകുന്ദ്, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ വൈ. ഷിബു, ജില്ലാതല ചാരായ നിരോധന ജനകീയ സമിതി അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

# വിമുക്തസൈനികർക്ക് രണ്ട് കോടി രൂപവരെ കെഎഫ്സി സംരംഭക വായ്പ

തിരുവനന്തപുരം: വിമുക്തസൈനികർക്ക് വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ കുറഞ്ഞ പലിശനിരക്കുള്ള വായ്പാപദ്ധതിയുമായി കേരള ഫിനാൻഷ്യൽ കോർപറേഷൻ. സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങൾക്കായി രണ്ടു കോടി രൂപവരെയാണ് വായ്പ അനുവദിക്കുന്നത്. ഇത് അഞ്ചു ശതമാനം പലിശ ഇളവ് ലഭിക്കും. സംരംഭകൻ ആറു ശതമാനം പലിശ മാത്രം നൽകിയാൽ മതിയാകും. ഈ പദ്ധതിയ്ക്കായി 50 കോടി രൂപ കെഎഫ്സിയിൽനിന്നും വകയിരുത്തുമെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു.

മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസനപദ്ധതി (സിഎംഇഡിപി) യുടെ ഭാഗമായാണ് സിഎംഇഡിപി എക്സ് സർവീസ് മെൻ സ്കീം എന്ന പേരിൽ വായ്പാ പദ്ധതി നടപ്പാക്കുന്നത്. ഒരുവർഷത്തെ മോറട്ടോറിയം അടക്കം അഞ്ചുവർഷമാണ് വായ്പയുടെ തിരിച്ചടവ് കാലാവധി. പദ്ധതിച്ചെലവിന്റെ 90 ശതമാനം വരെ വായ്പയായി ലഭിക്കും. 11 ശതമാനം പലിശ നിരക്ക് നിശ്ചയിച്ചിട്ടുണ്ടെങ്കിലും, മൂന്ന് ശതമാനം സർക്കാർ സബ്സിഡി അനുവദിക്കും. രണ്ട് ശതമാനം കെഎഫ്സി പലിശ റിബേറ്റും ലഭിക്കും. ബാക്കി ആറു ശതമാനം മാത്രമാണ് സംരംഭകൻ നൽകേണ്ടത്.

എംഎസ്എംഇ ഉദയം രജിസ്ട്രേഷൻ ഉറപ്പാക്കുന്ന സംരംഭങ്ങൾക്കായിരിക്കും വായ്പ ലഭ്യമാകുക. അപേക്ഷകർ വിമുക്ത സൈനികർക്ക് ജില്ലാ സൈനിക ക്ഷേമ ഓഫിസിൽ നിന്നും നൽകുന്ന തിരിച്ചറിയൽ കാർഡും, ജില്ലാ സൈനിക ക്ഷേമ ഓഫിസ് നൽകുന്ന കത്തും ഹാജരാക്കണം. ഈ സാമ്പത്തികവർഷം 50 എംഎസ്എംഇകൾക്ക് എങ്കിലും വായ്പ ലഭ്യമാക്കാനാണ് കെഎഫ്സി ലക്ഷ്യമിടുന്നത്. താല്പര്യമുള്ളവർക്ക് ഠഠഠ. സഉര. ീൃഴ എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കാം.

# സഹായമനസ്കതയിൽ സർക്കാർ ജീവനക്കാർ കുട്ടികളേക്കാൾ എത്രയോ താഴെ: വിമർശനവുമായി മുഖ്യമന്ത്രി

കോഴിക്കോട്: ദുരിതബാധിതരെ സഹായിക്കുന്ന കാര്യത്തിൽ താരമത്യം നടത്തിയാൽ കുട്ടികളെക്കാൾ എത്രയോ താഴെയാണു സർക്കാർ ജീവനക്കാരെന്നു മുഖ്യമ്രന്തി പിണറായി വിജയൻ.

ബാലസംഘം സംസ്ഥാന സമ്മേളന സമാപനയോഗം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദേഹം. വയനാട് ദുരന്ത ബാധിതരെ സഹായിക്കാൻ സർക്കാർ പ്രഖ്യാപിച്ച സാലറി ചലഞ്ചിനെ ജീവനക്കാർ എതിർത്തതു ചൂണ്ടിക്കാട്ടിയായിരുന്നു പരാമർശം.

തൊട്ടുപിന്നാലെ തന്നെ, എല്ലാ സർക്കാർ ജീവനക്കാരെയുമാണ് ഉദേശിച്ചതെന്ന തെറ്റിദ്ധാരണ വേണ്ടെന്നും ഒരു വിഭാഗം ജീവനക്കാർ മാത്രമാണ് അങ്ങനെയെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ കുട്ടികൾ നടത്തിയതു മാതൃകാപരമായ പ്രവർത്തനമായിരുന്നു. സാലറി ചലഞ്ച് സംബന്ധിച്ച് തന്നെ കാണാനെത്തിയ ചില സംഘടനാ നേതാക്കൾ അഞ്ചു ദിവസത്തെ ശമ്പളം നൽകാൻ കഴിയില്ലെന്നാണ് അറിയിച്ചത്. അതു ശരിയായ നിലപാടല്ലെന്നും എന്ത് അടിസ്ഥാനത്തിലാണ് അങ്ങനെ പറയുന്നതെന്നും സംഘടനാ നേതാക്കളോടു പറയേണ്ടിവന്നുവെന്നും മുഖ്യമന്ത്രി പറഞ്ഞു.

നിലവാരത്തിന്റെ പേരിൽ കുട്ടികളെ തോൽപ്പിക്കാൻ പാടില്ലെന്നു പറയുന്നവർ നാടിനെ എങ്ങോട്ടാണു നയിക്കുന്നതെന്നും മുഖ്യമന്ത്രി ചോദിച്ചു. കുട്ടികളെ തോൽപ്പിക്കാനല്ല, അവരെ ജയിപ്പിക്കാനാണ് അധ്യാപകർ പാടുപെടേണ്ടത്. കുട്ടികൾക്കു നിലവാരം വേണം. അവർക്ക് എഴുതാനും വായിക്കാനും കഴിയണം.

നാലും മൂന്നും കൂട്ടിയാൽ ആറ് എന്നതിനു പകരം ഏഴ് എന്നു പറയുന്ന കുട്ടികളാണ് ഉണ്ടാവേണ്ടത്. കുട്ടികൾ പഠിച്ചാലും ഇല്ലെങ്കിലും പാസാവുമെന്ന രീതി മാറണം. എല്ലാ കുട്ടികളും നിലവാരത്തോടെ പാസാകണമെന്നാണു സർക്കാർ ഉദ്ദേശിക്കുന്നത്. ആ തലത്തിൽ അധ്യാപകർ പ്രവർത്തിക്കണം. അതിൽനിന്നു പിന്നോട്ടു പോയതാണ് നിലവാരം താഴാൻ കാരണം.

സബ്ജക്ട് മിനിമം കിട്ടാനായി കുട്ടികളെ അധ്യാപകർ പ്രാപ്തരാക്കണം. നിലവാരത്തെ എതിർക്കുന്നവർ നാടിനെ പിന്നോട്ടടിക്കാനാണു ശ്രമിക്കുന്നത്. നിലവാരത്തെ എതിർക്കാൻ കുറെ വക്താക്കൾ ഇറങ്ങിയിട്ടുണ്ടെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

# ജനങ്ങളുടെ സ്നേഹം ജീവിതോർജം നല്കുന്നു: മധു

തിരുവനന്തപുരം: "ആയുസ് ഇത്രയും വേണ്ടെന്നു ചില നേരത്ത് തോന്നാറുണ്ട്. എന്നാൽ അങ്ങനെയുള്ള ചിന്തകൾ വരുന്ന സമയത്താവും ജനങ്ങളുടെ അത്യധികമായ സ്നേഹവും കരുതലും അനുഭവപ്പെടുന്നത്. അപ്പോൾ ആയുസിരിക്കട്ടെ എന്ന ചിന്ത വരും. ".. . മലയാളത്തിന്റെ പ്രിയ താരം മധുവാണു സ്വതസിദ്ധമായ ശൈലിയിൽ ഇന്നലെ ഇങ്ങനെ പറഞ്ഞത്. കലാനിധി ട്രസ്റ്റിന്റെ പ്രഫ. മൂഴിക്കുളം വി. ചന്ദ്രശേഖരപിള്ള സ്മാരക നാഗധ്വനി പുരസ്കാരം ഏറ്റുവാങ്ങി പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. കണ്ണമൂലയിലെ മധുവിന്റെ വസതിയായ ശിവഭവനിൽ നടന്ന ചടങ്ങിൽ മണ്ണാറശാല ക്ഷേത്രം ട്രസ്റ്റ് ഭരണസമിതി അംഗവും മണ്ണാറശാല അമ്മ സാവിത്രി അന്തർജനത്തിന്റെ മരുമകനുമായ എൻ. രമേശ് പിരപ്പൻകോട് പുരസ്കാരം സമ്മാനിച്ചു. നിർമാതാവ് കിരീടം ഉണ്ണി, പൊന്നാട അണിയിച്ചു. പിന്നണി ഗായകൻ മണക്കാട് ഗോപൻ പ്രശസ്തിപത്രം സമർപ്പിച്ചു.

നാഗധ്വനി പുരസ്കാരം ചടങ്ങുമായി ബന്ധപ്പെട്ടു ലഭിക്കുന്ന സ്നേഹവും ഇനിയും ജീവിക്കുവാൻ പ്രോരണയാകുന്നുവെന്നും മധു പറഞ്ഞു. സമകാലീന മലയാള സിനിമയുടെ ശീർഷകമായി മധു മാറിയിട്ടുണ്ടെന്നു ചടങ്ങിന്റെ ഉദ്ഘാടനം നിർവഹിച്ച കവി പ്രഭാവർമ പറഞ്ഞു.

മധുവിനു സമാനമായി മലയാള സിനിമയിൽ മറ്റൊരാൾ ഇല്ല. നമ്മുടെ സിനിമാ തിരിച്ചറിവുകളുടെ അളവുകോലുകൾ കൊണ്ട് അളക്കുവാൻ കഴിയാത്ത അഭിനേതാവാണ് മധു പ്രഭാവർമ വ്യക്തമാക്കി. സ്കൂൾ ജീവിതകാലത്ത് തീയേറ്ററിൽ സിനിമ കാണുന്പോൾ ഏതോ അഭൗമ ലോകത്ത് വിരാജിക്കുന്ന ആളായിട്ടാണ് മധു എന്ന താരത്തെ അനുഭവപ്പെട്ടിരുന്നത്. ജീവിതത്തിൽ താരത്തെ ഇത്ര അടുത്ത് കാണുവാൻ കഴിയുമെന്ന് ഒരിക്കലും കരുതിയില്ലെന്നും പ്രഭാവർമ പറഞ്ഞു.

ചടങ്ങിൽ കലാനിധിയുടെ കർമശ്രേഷ്ഠ പുരസ്കാരം മുൻ ഡിജിപി ബി. സന്ധ്യയ്ക്കു മധു സമ്മാനിച്ചു. സാഹിത്യനിരൂപക ഡോ. സി. ഉദയകല, ഡോ. ബി. സന്ധ്യയെ പൊന്നാട അണിയിച്ചു.

കലാനിധി കുടുംബം ജീവകാരുണ്യ പ്രവർത്തനത്തിന്റെ ഭാഗമായുള്ള നിവേദ്യം ഭക്ഷണ സാധനങ്ങളുടെ ഉദ്ഘാടനവും മധു നിർവഹിച്ചു. ഗായകൻ മണക്കാട് ഗോപൻ, ഗായികമാരായ രാധിക എസ്. നായർ, ഗൗരി ഗോപൻ എന്നിവർ മധു അഭിനയിച്ച ചിത്രങ്ങളിലെ പ്രശസ്ത ഗാനങ്ങൾ ആലപിച്ചു. പ്രഫ. മൂഴിക്കുളം വി. ചന്ദ്രശേഖര പിള്ളയുടെ മകളും കലാനിധി ചെയർപേഴ്സണും മാനേജിംഗ് ട്രസ്റ്റിയുമായ ഗീത രാജേന്ദ്രൻ അധ്യക്ഷത വഹിച്ചു. കവി പ്രദീപ് തൃപരപ്പ്, മൂഴിക്കുളം വി. ചന്ദ്രശേഖര പിള്ളയുടെ മകൾ ഡോ. ജയകുമാരി കുഞ്ഞമ്മ, വിജയലക്ഷ്മി കുഞ്ഞമ്മ, വിനയൻ, ബാഹുലേയൻ നായർ തുടങ്ങിയവർ പങ്കെടുത്തു. ചടങ്ങിനു മാധ്യമ പ്രവർത്തകർ സന്തോഷ് രാജശേഖരൻ സ്വാഗതവും ഛായാഗ്രഹകൻ മഹേഷ് ശിവാനന്ദൻ നന്ദിയും പറഞ്ഞു.

# യുപിയിൽ മാധ്യമപ്രവർത്തകൻ കൊല്ലപ്പെട്ടു

ലഖ്നൗ: ഉത്തർപ്രദേശിൽ മാധ്യമപ്രവർത്തകനെ കുത്തി കൊന്നു. എഎൻഐ ലേഖകനായ ദിലീപ് സൈനിയാണ് മരിച്ചത്. ആക്രമണത്തിൽ ഇയാളുടെ സുഹൃത്തും ബിജെപി നേതാവുമായ ഷാഹിദ് ഖാന് പരിക്കേറ്റു. ഫത്തേപൂർ ജില്ലയിൽ ബുധനാഴ്ച രാത്രിയായിരുന്നു സംഭവം.

സൈനിയുടെ വീട്ടിലേക്ക് അതിക്രമിച്ചു കയറിയ പ്രതികൾ അക്രമം അഴിച്ചുവിടുകയായിരുന്നു. സൈനിയെ രക്ഷിക്കാൻ ശ്രമിക്കുന്നതിനിടെയാണ് ഷാഹിദിനും കുത്തേറ്റത്. ഇരുവരെയും ഉടൻ ആശുപത്രിയിലെത്തിച്ചെങ്കിലും സൈനിയുടെ ജീവൻ രക്ഷിക്കാനായില്ല. സംഭവ സ്ഥലത്ത് നിർത്തിയിട്ടിരുന്ന വാഹനങ്ങളും ആക്രമികൾ തകർത്തു. ബിസൗലി നിവാസിയായ ദിലീപ് സൈനി ഫത്തേപൂരിലെയും ലഖ്നൗവിലെയും നഗരങ്ങളിൽ റിയൽ എസ്റ്റേറ്റ് ബിസിനസ് നടത്തിവരികയായിരുന്നു. സ്ഥലത്തെ ചൊല്ലിയുള്ള തർക്കമാണ് കൊലപാതകത്തിൽ കലാശിച്ചതെന്ന് പൊലീസ് പറഞ്ഞു. സംഭവത്തിൽ 16 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ ഏഴുപേരെ തിരിച്ചറിഞ്ഞിട്ടില്ല, പ്രതികൾക്കായി അന്വേഷണം ഊർജിതമാക്കിയതായി പൊലീസ് അറിയിച്ചു.

# ശബരിമല മുന്നൊരുക്കങ്ങൾ എഡിജിപി വിലയിരുത്തി

പത്തനംതിട്ട: മണ്ഡല, മകരവിളക്ക് ഉത്സവകാലവുമായി ബന്ധപ്പെട്ട ഒരുക്കങ്ങൾ എഡിജിപി എസ്. ശ്രീജിത്ത് വിലയിരുത്തി. സന്നിധാനത്ത് മൂന്നു ദിവസം തങ്ങിയ അദ്ദേഹം, ചിത്തിര ആട്ടത്തിരുനാൾ മഹോത്സവവുമായി ബന്ധപ്പെട്ട് സുഗമമായ ദർശനം ഭക്തർക്ക് ഉറപ്പാക്കുന്നതിനും നേതൃത്വം നൽകി.

സന്നിധാനത്തെ പോലീസിന്റെ മുന്നൊരുക്കങ്ങളും ക്രമീകരണങ്ങളുടെ പുരോഗതിയും വിലയിരുത്തി. കൂടാതെ, ദേവസ്വം ബോർഡ് പ്രസിഡൻറ്, സ്പെഷൽ കമ്മീഷണർ, ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ, ദേവസ്വം മരാമത്ത് എൻജിനിയർ തുടങ്ങിയവരുമായി ഇക്കാര്യങ്ങൾ ചർച്ച ചെയ്തു.

ശബരിമല തീർഥാടനത്തിനു മുന്നോടിയായി ചെയ്തുതീർക്കേണ്ട ക്രമീകരണങ്ങൾ സംബന്ധിച്ച നിർദേശങ്ങൾ ദേവസ്വം ബോർഡ് മുമ്പാകെ എഡിജിപി നൽകി. മണ്ഡല മകരവിളക്ക് കാലയളവിലെ ആദ്യഘട്ടത്തിൽ സ്പെഷൽ ഓഫീസറായി നിയമിക്കപ്പെട്ട റെയിൽവേ എസ്പി ബി. കൃഷ്ണകുമാർ, ജില്ലാ പോലീസ് മേധാവി വി. ജി. വിനോദ് കുമാർ എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു ചർച്ച.

ചിത്തിര ആട്ടത്തിരുനാൾ ദിവസം മുൻവർഷങ്ങളെ അപേക്ഷിച്ച് ദർശനത്തിനായുള്ള ഭക്തരുടെ ഓൺലൈൻ ബുക്കിംഗ് കൂടുതലായതിനാൽ സന്നിധാനത്തും പമ്പയിലും മറ്റും കൂടുതൽ പോലീസിനെ ഇത്തവണ വിന്യസിച്ചിരുന്നു. മൂന്ന് ടേൺ ആയി ക്രമീകരിച്ചാണ് രണ്ട് ദിവസങ്ങളിൽ ഡ്യൂട്ടിക്ക് പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചത്. ഇന്നലെ രാത്രി നട അടച്ചു.

ദർശനത്തിനായി നട തുറന്ന ബുധനാഴ്ച വൈകുന്നേരം മാത്രം 15445 പേർ ദർശനം നടത്തി, ഈ ദിവസത്തെ ബുക്കിംഗ് 12809 ആയിരുന്നു. ഇന്നലെ ദർശനത്തിനായി ബുക്ക് ചെയ്തവരുടെ എണ്ണം 11421 ആണ്. വൈകുന്നേരം വരെ പതിനായിരത്തിലധികം പേർ ദർശനം നടത്തി.

## ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം പ്രവർത്തനക്ഷമമാക്കണം: കേരള റീജിയണൽ സ്പോർട്സ് ആന്റ് ഗെയിംസ് അസോസിയേഷൻ

തിരുവനന്തപുരം: ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം പ്രവർത്തനക്ഷമമാക്കണമെന്ന് കേരള റീജിയണൽ സ്പോർട്സ് ആന്റ് ഗെയിംസ് അസോസിയേഷൻ. ആറ്റിങ്ങൽ മേഖലയിലെ കായിക രംഗത്തുള്ളവരുടെയും കായിക താരങ്ങളുടെയും ദശാബ്ദങ്ങൾ നീണ്ട ത്യാഗപൂർവമായ പ്രവർത്തനങ്ങളുടെ ഫലമായാണ് ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം സ്ഥാപിക്കപ്പെട്ടത്. ജില്ലയിൽ കായികതാരങ്ങൾ ഏറ്റവും കൂടുതലുള്ള ഒരു മേഖലയാണ് ആറ്റിങ്ങൽ. ഇതിനടുത്തൊന്നും മറ്റൊരു സ്റ്റേഡിയം ഇല്ല. ഇവിടത്തെ സ്കൂളുകളും കോളജുകളും മറ്റ് കായിക സ്ഥാപനങ്ങളുമെല്ലാം കായിക മത്സരങ്ങൾ നടത്താനും പ്രാക്ടീസിനും ഈ സ്റ്റേഡിയത്തെയാണ് ആശ്രയിക്കുന്നത്. എന്നാൽ സ്റ്റേഡിയത്തിന്റെ ഇന്നത്തെ സ്ഥിതി പരമ ദയനീയമാണ്. സ്റ്റേഡിയത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തിയിട്ട് വർഷങ്ങളായ സ്ഥിതിയാണുള്ളത്. ട്രാക്കുകൾപോലും ഉപയോഗപ്രദമല്ലാത്ത സ്ഥിതിയാണ്. ജില്ലയിൽ ഏറ്റവും കൂടുതൽ വരുമാനമുള്ള സ്റ്റേഡിയമാണ് ശ്രീപാദം സ്റ്റേഡിയം. എന്നാൽ അതിനനുസരിച്ചുള്ള പരിഗണന സ്റ്റേഡിയത്തിന് ലഭിച്ചിട്ടില്ല. സ്റ്റേഡിയത്തിന് അത്യാവശ്യമായി വേണ്ട പുതുക്കിപ്പണികൾ നടത്താൻ വേണ്ട നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് കേരള സ്പോർട്സ് ആന്റ് ഗെയിംസ് അസോസിയേഷൻ ചെയർമാൻ അഡ്വ. ജി സുഗുണൻ ആവശ്യപ്പെട്ടു.

## യുവാവ് എംഡിഎംഎ സഹിതം പിടിയിൽ

തിരുവനന്തപുരം: പെൺകുട്ടികളെ ലോഡ്ജിൽ എത്തിച്ചു കൊടുത്തു കമ്മീഷൻ പറ്റുന്ന പ്രധാന കണ്ണികളിൽ ഒരാളായ യുവാവിനെ എംഡിഎംഎ കടത്തിയതിന് തമ്പാനൂർ പോലീസ് പിടികൂടി. ഇയാൾക്ക് എംഡിഎംഎ എത്തിച്ചു കൊടുക്കുന്നവരിൽ ഒരാളായ കൊല്ലം പരവൂർ സ്വദേശിയായ സ്ത്രീയെ തമ്പാനൂർ പോലീസിന്റെ രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ അരുവിക്കരനിന്നും റൂറൽ ഷാഡോ പോലീസ് കസ്റ്റഡിയിൽ എടുത്തു.

നെടുമങ്ങാട് ചെല്ലാംകോട് പൂവത്തൂർ എൽപി സ്കൂളിനു സമീപം സിമി ഭവൻ കൈതറക്കോണം വീട്ടിൽ ശ്യാം ദാസ് (30) ആണ് പിടിയിലായത്. നഗരത്തിൽ ഓട്ടോയിൽ കറങ്ങി നടന്നാണ് എംഡിഎംഎ കച്ചവടം, സ്ത്രീകളുടെ ഇടപാടുകൾ മുതലായവ നടത്തുന്നത്. ഇയാൾക്ക് എംഡിഎംഎ എത്തിച്ചു നൽകുന്നതിൽ പ്രധാന പങ്കു വഹിച്ച കൊല്ലം പരവൂർ ചരുവിള വീട്ടിൽ അനിൽ കുമാറിന്റെ ഭാര്യ സുപ്രിയയെയാണ് റൂറൽ ഷാഡോ പിടികൂടിയത്. സുപ്രിയയുടെ പക്കൽനിന്നും പോലീസ് എംഡിഎംഎ കണ്ടെടുത്തു. തിരുവനന്തപുരം സിറ്റി പോലീസ് നടത്തുന്ന ലഹരി വേട്ടയുടെ ഭാഗമായി തമ്പാനൂർ സിഐ വി. എം. ശ്രീകുമാർ നടത്തിയ അന്വേഷണത്തിലാണ് പ്രതി പിടിയിലായത്. സിഐയെക്കൂടാതെ എസ്ഐ വിനോദ്, സിപിഒമാരായ സാം ജോസ്, ശിവപ്രകാശ് എന്നിവരും അറസ്റ്റിനു നേതൃത്വം നൽകി. പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

# സി. ഐ. പ്രജീഷ് ശശിക്ക് ദേശീയ പുരസ്കാരം

വിഴിഞ്ഞം: മനുഷ്യത്വരഹിതമായ അരുംകൊലകൾ നടത്തി നാടിനെയും നാട്ടുകാരെയും ഭീതിയുടെ മുൾമുനയിൽ നിർത്തിയ കൊലയാളികളെ പിടികൂടി കൊലക്കയർ വാങ്ങി നൽകിയ അന്വേഷണ ഉദ്യോഗസ്ഥന് കേന്ദ്ര സർക്കാരിന്റെ ആദരം. മികച്ച അന്വേഷണ ഉദ്യോഗസ്ഥനുള്ള കേന്ദ്രീയ ഗൃഹമന്ത്രി ദക്ഷദപതക് അവാർഡ് തേടിയെത്തിയ സന്തോഷത്തിലാണ് വിഴിഞ്ഞം സ്റ്റേഷനിലെ മുൻ സി. ഐ പ്രജീഷ് ശശി.

ഔദ്യോഗിക ജീവിതത്തിൽ കാണിച്ച സത്യസന്ധതക്കും കഠിനാധ്വാനത്തിനും മികവിനും കിട്ടിയ അംഗീകാരം കൂടിയാണിത്. വൃദ്ധയെ കൊലപ്പെടുത്തി വാടകയ്ക്ക് താമസിച്ചുവന്ന വീടിന്റെ തട്ടിൻ പുറത്ത് ഒളിപ്പിച്ചശേഷം മുങ്ങിയ വീട്ടമ്മയെയും മകനെയും വീട്ടമ്മയുടെ ആൺസുഹൃത്തിനെയും സംഭവം നടത്തി മണിക്കൂറുകൾക്കുള്ളിൽ പിടികൂടി നിയമത്തിനു മുന്നിൽ കൊണ്ടുവന്നു പരമാവധി ശിക്ഷ വാങ്ങിനൽകുന്നതിന് കാണിച്ച ആത്മാർഥതയ്ക്കാണ് അംഗീകാരം.

2022 ജനുവരി 14 നാണ് വിഴിഞ്ഞം മുല്ലൂർസ്വദേശി ശാന്തകുമാരിയെന്ന എഴുപതുകാരി അരുംകൊലയ്ക് ഇരയായത്. പകൽ നടന്ന കൊലപാതകം പുറംലോകമറിയാൻ രാത്രി എട്ടു മണി വരെ വേണ്ടി വന്നു. തലക്കടിയേറ്റു രക്തം വാർന്ന നിലയിൽ അയൽ വീട്ടിലെ തട്ടിൽ പുറത്തുകണ്ട മൃതദേഹം ശാന്തകുമാരിയുടെതെന്നറിയാൻ വീണ്ടും വൈകി. ഇതിനിടയിൽ കൊലയാളികൾ വിഴിഞ്ഞം വിട്ടിരുന്നു.

സംഭവ ദിവസം വരെ വീട്ടിൽ വാടകയ്ക്ക്താമസിച്ചിരുന്ന വിഴിഞ്ഞം ഹാർബർ സ്വദേശി റഫീക്കാ ബീബി, മകൻ ഷഫീക്, റഫീക്കയുടെ ആൺ സുഹൃത്ത് പട്ടാമ്പി സ്വദേശി അൽ അമീൻ എന്നിവരെ ചുറ്റിപ്പറ്റി പോലീസ് അന്വേഷണം ഊർജിതമാക്കി.

ശാന്തകുമാരിയുടെ കഴുത്തിലും കൈയിലും ഉണ്ടായിരുന്ന സ്വർണാഭരണങ്ങൾ കൈക്കലാക്കിയ കൊലയാളികൾ ആഭരണങ്ങളിൽ കുറച്ച് വിഴിഞ്ഞത്ത് വിറ്റ് കിട്ടിയ കാശുമായി പാലക്കാട്ടേക്ക് വണ്ടി കയറി. ഇത് മനസിലാക്കിയ പോലീസ് രാത്രിയിൽ ഇവർ സഞ്ചരിച്ച വാഹനം തന്ത്രപൂർവ്വം തടഞ്ഞ് നിർത്തി കഴക്കൂട്ടത്ത് നിന്ന് പിടികഴിവ് തെളിയിച്ചു. തെളിവെടുപ്പും മൊഴിയെടുക്കലും തെളിവ് ശേഖരണവും എല്ലാം പൂർത്തിയാക്കി 90 ദിവസത്തിനുള്ളിൽ കുറ്റപത്രം സമർപ്പിച്ച് പ്രതികളെ ജയിലിന് പുറത്തിറങ്ങാതെയാക്കി. 2024 മേയ് 22ന് നെയ്യാറ്റിൻകര ജില്ലാ സെക്ഷൻസ് കോടതി ഏഴ് പ്രതികളായ മൂന്നു പേർക്കും തൂക്കു കയർ വിധിച്ചു. സാക്ഷികളുടെ അഭാവമുണ്ടായിരുന്ന സംഭവത്തിൽ കൊലയാളികൾക്ക് അർഹമായ ശിക്ഷ നൽകുന്നതിനുതകുന്ന സാഹചര്യ തെളിവുകളും ഡിജിറ്റൽ തെളിവുകളും ശേഖരിക്കുന്നതിൽ ഉദ്യോഗസ്ഥർ കൈവരിച്ച വിജയം ശിക്ഷാവിധിക്കും ബലമായി. ഒരേ കേസിൽ അമ്മക്കും മകനും തൂക്കു കയർ കിട്ടുന്ന അപൂർവസംഭവമെന്ന പ്രത്യേകതയും മുല്ലൂർ ശാന്തകുമാരി വധക്കേസിനുണ്ടായി. ഈ കേസിന്റെ അന്വേഷണ വേളയിൽ പ്രതികൾ നടത്തിയ മറ്റൊരു അരുംകൊലയുടെ ചുരുളഴിക്കാനായതും അന്വേഷകരുടെ മികവിന് തെളിവായി.

കോവളം മുട്ടയ്ക്കാട് സ്വദേശിയായ ബാലികയെ തലക്കടിച്ചു കൊലപ്പെടുത്തിയ കേസ് വഴി തിരിച്ചു വിടാൻ റഫീക്കാ ബീബിയും ഷഫീക്കുമെല്ലാം നടത്തിയ ശ്രമം പോലീസ് പൊളിച്ചടുക്കിയതും ഒരു കുടുംബത്തിന്റെ രക്ഷക്കും വഴിയെരുക്കി. നിലവിൽ തിരുവനന്തപുരം കൻറോൺമെൻറ് സ്റ്റേഷനിലെ സിഐ ആണ് പ്രജീഷ് ശശി.

# കടുവാ സങ്കേതത്തിൽ നാല് ആനകൾ കൂടി ചരിഞ്ഞു

ഭോപ്പാൽ: മധ്യപ്രദേശിലെ ബാന്ധവ്ഗഡ് കടുവാസങ്കേതത്തിൽ ആനകൾ കൂട്ടമായി ചരിഞ്ഞു. ബുധനാഴ്ച നാലു ആനകളെ ദുരൂഹമായ സാഹചര്യത്തിൽ ചരിഞ്ഞ നിലയിൽ കണ്ടെത്തുകയായിരുന്നു. ഇതോടെ കഴിഞ്ഞ രണ്ടു ദിവസത്തിനിടെ ചരിഞ്ഞ ആനകളുടെ എണ്ണം എട്ടായി. ചൊവ്വാഴ്ച നാല് ആനകളെ ചത്ത നിലയിൽ കണ്ടെത്തിയിരുന്നു. ഒരു ആനയുടെ നില അതീവ ഗുരുതരമാണെന്ന് അധികൃതർ പറഞ്ഞു.

13 അംഗങ്ങളുള്ള ആനക്കൂട്ടത്തിലെ നാലുപേർ മാത്രമാണ് നിലവിൽ സുരക്ഷിതരായുള്ളത്. 48 മണിക്കൂറിനിടെ ഇത്രയും ആനകൾ ചരിഞ്ഞത് അധികൃതരിൽ ആശങ്ക ഉണർത്തിയിട്ടുണ്ട്. വിഷം ഉള്ളിൽ ചെന്നതാണ് മരണ കാരണമെന്നാണ് പ്രാഥമിക നിഗമനം. ആനകൾ ചരിഞ്ഞതിന് പിന്നാലെ സമീപഗ്രാമങ്ങളിലെ ചിലരെ പൊലീസ് ചോദ്യം ചെയ്യാൻ കസ്റ്റഡിയിലെടുത്തു. കുടുതൽ അന്വേഷണം നടന്നു വരുകയാണെന്നും അധികൃതർ അറിയിച്ചു. ആനയുടെ മൃതദേഹങ്ങൾ കണ്ടെത്തിയ സ്ഥലത്തിന്റെ അഞ്ച് കിലോമീറ്റർ ദൂരപരിധി കേന്ദ്രീകരിച്ചാണ് അന്വേഷണം.

## 'കളക്ടർ പറയുന്നത് കള്ളം': നീതിക്കായി ഏതറ്റം വരെയും പോകുമെന്ന് നവീന്റെ ഭാര്യ മഞ്ജുഷ

പത്തനംതിട്ട: എഡിഎം കുറ്റസമ്മതം നടത്തിയെന്ന കണ്ണൂർ ജില്ലാ കളക്ടറുടെ വാക്കുകൾ വിശ്വസിക്കുന്നില്ലെന്ന് നവീൻ ബാബുവിന്റെ ഭാര്യയും കോന്നി തഹസിൽദാറുമായ കെ. മഞ്ജുഷ. കളക്ടറോട് നവീൻ ബാബുവിന് യാതൊരു ആത്മബന്ധവുമില്ല. കളക്ടർ പറയുന്നതു നുണയാണെന്നും നീതിക്കായി ഏതറ്റം വരെയും പോകുമെന്നും മഞ്ജുഷ പറഞ്ഞു.ജീവനക്കാരോട് സൗഹൃദപരമായി പെരുമാറാത്ത ആളാണ് കളക്ടർ. അതിനാൽ തന്നെ കളക്ടർ പറഞ്ഞത് കണ്ണൂർ കളക്ട്രേറ്റിലെ ആരും വിശ്വസിക്കില്ല. നവീൻ ബാബുവിന് ഒരു കാര്യവും പങ്കുവയ്ക്കാൻ പറ്റിയ ആളല്ല കളക്ടർ. അത്തരത്തിൽ നവീൻ ഒരു കാര്യവും തുറന്നുപറയാൻ യാതൊരു സാധ്യതയുമില്ലെന്നും മഞ്ജുഷ മാധ്യമങ്ങളോടു പറഞ്ഞു.കളക്ടർ വീട്ടിലേക്ക് വരേണ്ടതില്ലെന്ന് താൻ തന്നെ എടുത്ത തീരുമാനമാണ്. അദ്ദേഹം വീട്ടിലേക്ക് വരുന്നതിൽ താത്പര്യമില്ലെന്നും മഞ്ജുഷ കൂട്ടിച്ചേർത്തു.'തനിക്കു തെറ്റു പറ്റി'യെന്ന് നവീൻ ബാബു തന്നോടു പറഞ്ഞെന്ന് കണ്ണൂർ കളക്ടർ നൽകിയ മൊഴി പുറത്തു വന്നിരുന്നു.

## ഡ്രൈവർ ഇല്ലാത്ത സമയത്ത് മണ്ണുമാന്തിയന്ത്രം സ്വയം പ്രവർത്തിപ്പിച്ചു; വീട്ടുടമയ്ക്ക് ദാരുണാന്ത്യം

കോട്ടയം: വീട്ടിൽ പണിക്ക് എത്തിച്ച മണ്ണുമാന്തി യന്ത്രത്തിൽ കയറി സ്വയം പ്രവർത്തിപ്പിക്കാൻ ശ്രമിച്ച വീട്ടുടമയ്ക്ക് ദാരുണാന്ത്യം. കരൂർ കണ്ടത്തിൽ പോൾ ജോസഫ് (60) ആണ് മരിച്ചത്. നിയന്ത്രണംവിട്ട യന്ത്രം മരത്തിൽ ഇടിക്കുകയായിരുന്നു.വീടുപണി നടക്കുന്നതിനിടെ മുറ്റം കെട്ടുന്നതിനായി മണ്ണ് നിരപ്പാക്കുന്ന പണിക്കായിട്ടാണ് മണ്ണുമാന്തിയന്ത്രം എത്തിയത്. തുടർന്ന് 10 മണിയോടെ ഓപ്പറേറ്റർ കാപ്പി കുടിക്കാനായി പോയി.ഇതിനിടെ മണ്ണുമാന്തിയന്ത്രത്തിൽ കയറിയ പോൾ സ്വയം ഓടിക്കാൻ ശ്രമിച്ചു. ഇതിനിടെ, നിയന്ത്രണംവിട്ടു മറിഞ്ഞ് ഒരു റബർ മരത്തിനിടയിലേക്ക് വീണു. മരത്തിനും ജെസിബിക്കും ഇടയിൽ തല കുടുങ്ങിയാണ് മരണം സംഭവിച്ചത്.തുടർന്ന് ഒരു മണിക്കൂറിന് ശേഷം പാലാ പോലീസ് സ്ഥലത്തെത്തിയാണ് മൃതദേഹം പുറത്തെടുത്തത്. മൃതദേഹം തുടർനടപടികൾക്കായി ആശുപത്രിയിലേക്ക് മാറ്റി.

നോട്ടിക്കൽ ടൈംസ്



# വയനാട്ടിൽ ചൂടുപിടിച്ച് പ്രചാരണരംഗം

വോട്ടെടുപ്പ് നവംബർ 13ന് നടക്കാനിരിക്കേ മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് പ്രചാരണം ചൂടുപിടിക്കുകയാണ്. സമ്മതിദായകർക്കിടയിൽ ഇരിപ്പുറപ്പിക്കാൻ തുറുപ്പുശീട്ടുകൾ ഒന്നൊന്നായി ഇറക്കുകയാണ് മുന്നണികൾ. തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ മറ്റു മുന്നണികളെ അപേക്ഷിച്ച് ഏറെ മുന്നിലാണ് യുഡിഎഫ്. എഐസിസി മാസങ്ങൾക്കു മുന്പ് പ്രഖ്യാപിച്ചതാണ് പ്രിയങ്കയുടെ സ്ഥാനാർഥിത്വം. ഇതിനു തൊട്ടുപിന്നാലെ യുഡിഎഫ് ആരംഭിച്ചതാണ് തെരഞ്ഞെടുപ്പ് ഒരുക്കം. തെരഞ്ഞെടുപ്പ് വിജ്ഞാപനം ചെയ്തതിനു ശേഷം മണ്ഡലം, നിയോജകമണ്ഡലം, പഞ്ചായത്തുതല കൺവൻഷനുകൾ പൂർത്തിയാക്കിയ യുഡിഎഫ് ബൂത്ത്തലത്തിൽ ഗൃഹസന്ദർശനത്തിലേക്ക് കടന്നിരിക്കയാണ്.

ജനങ്ങളിലേക്ക് ഇറങ്ങി പഴുതടച്ച പ്രചാരണമാണ് യുഡിഎഫ് നടത്തുന്നത്. പ്രിയങ്കയ്ക്കു ചരിത്ര ഭൂരിപക്ഷം എന്ന ലക്ഷ്യമാണ് ഇതിനു പിന്നിൽ. തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കാൻ ബത്തേരി നിയോജകമണ്ഡലത്തിൽ ഡീൻ കുര്യാക്കോസ് എംപി, മാനന്തവാടിയിൽ സണ്ണി ജോസഫ് എംഎൽഎ, കൽപ്പറ്റയിൽ രാജ്മോഹൻ ഉണ്ണിത്താൻ എംപി, ഏറനാട്ടിൽ സി. ആർ. മഹേഷ് എംഎൽഎ, വണ്ടൂരിൽ ഹൈബി ഈഡൻ എംപി, നിലന്പൂരിൽ ആൻറോ ആൻറണി എംപി, തിരുവന്പാടിയിൽ എം. കെ. രാഘവൻ എംപി എന്നിവരെ യുഡിഎഫ് നേതൃത്വം ചുമലതപ്പെടുത്തിയിട്ടുണ്ട്. നാമനിർദേശ പത്രികാസമർപ്പണത്തിനുശേഷം ഡൽഹിക്കു മടങ്ങിയ പ്രിയങ്ക 28,29 തീയതികളിൽ മണ്ഡലത്തിൽ പ്രചാരണത്തിന് എത്തിയിരുന്നു. നവംബർ മൂന്നു മുതൽ ഏഴു വരെ അവർ മണ്ഡലത്തിൽ ഉണ്ടാകുമെന്ന് മുഖ്യ ഇലക്ഷൻ ഏജൻറും കെപിസിസി എക്സിക്യൂട്ടീവ് കമ്മിറ്റിയംഗവുമായ കെ. എൽ. പൗലോസ് പറഞ്ഞു. സ്ഥാനാർഥി പ്രഖ്യാപനത്തിനു പിന്നാലെ മണ്ഡലം, നിയോജകമണ്ഡലം കൺവൻഷനുകൾ നടത്തിയ എൽഡിഎഫ് ഇന്നലെ മണ്ഡലത്തിൽ ഒന്നാം ഘട്ട പ്രചാരണം പൂർത്തിയാക്കി. വരും ദിവസങ്ങളിൽ എൽഡിഎഫ് ഉന്നത നേതാക്കൾ മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രചാരണം കൊഴുപ്പിക്കാനെത്തും. നവംബർ ആറിന് മുഖ്യമന്ത്രി പിണറായി വിജയൻ കൽപ്പറ്റ, തിരുവന്പാടി, നിലന്പൂർ എന്നിവിടങ്ങളിൽ എൽഡിഎഫ് തെരഞ്ഞെടുപ്പുയോഗങ്ങളിൽ പ്രസംഗിക്കുമെന്ന് എൽഡിഎഫ് വയനാട് ജില്ലാ കൺവീർ സി. കെ. ശശീന്ദ്രൻ, സിപിഐ വയനാട് ജില്ലാ അസിസ്റ്റൻറ് സെക്രട്ടറി സി. എസ്. സ്റ്റാൻലി എന്നിവർ പറഞ്ഞു.

എൻഡിഎ സ്ഥാനാർഥി നവ്യ ഹരിദാസിന്റെ രണ്ടാം ഘട്ട പ്രചാരണം ഇന്നു തുടങ്ങും. ബൂത്തുതലത്തിൽ എൻഡിഎ പ്രവർത്തകർ വീടുകൾ കയറി പ്രചാരണം തുടരുകയാണ്. സ്ഥാനാർഥിയുടെ വിദ്യാഭ്യാസ പശ്ചാത്തലവും പ്രസരിപ്പും എൻഡിഎയുടെ ഭാഗമല്ലാത്ത വോട്ടർമാർക്കിടയിലും ചർച്ചയാണ്. മണ്ഡലത്തിൽ എൻഡിഎയുടെ കരുത്തും വളർച്ചയും പ്രകടമാക്കുന്നതാകണം തെരഞ്ഞെടുപ്പു ഫലമെന്ന വാശിയിലാണ് നേതാക്കളും പ്രവർത്തകരും. ബിജെപി ദേശീയ നേതാക്കൾ അടുത്ത ദിവസങ്ങളിൽ മണ്ഡലത്തിൽ പ്രചാരണത്തിന് എത്തും. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ബിജെപി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ മണ്ഡലത്തിലെ ഏഴ് നിയോജമണ്ഡലങ്ങളിലുമായി 1,41,045 വോട്ടാണ് നേടിയത്. ഇതിലധികം വോട്ടാണ് എൻഡിഎയുടെ ഉന്നമെന്ന് ബിജെപി സംസ്ഥാന സമിതിയംഗം കെ. സദാനന്ദൻ പറഞ്ഞു. 2019ൽ മണ്ഡലത്തിൽ 7.2 ശതമാനമായിരുന്നു എൻഡിഎ വോട്ട് വിഹിതം. കഴിഞ്ഞ തവണ ഇത് 13 ശതമാനമായാണ് വർധിച്ചത്. മോദി സർക്കാരിന്റെ ജനക്ഷേമ പദ്ധതികൾ ചൂണ്ടിക്കാട്ടുന്ന അവർ ഇടത്, വലത് മുന്നണികളുടെ വീഴ്ചകൾ എണ്ണിപ്പറയുന്നുമുണ്ട്.

കാലങ്ങളായി നേരിടുന്ന വികസന വിഷയങ്ങൾ ഉപതെരഞ്ഞെടുപ്പിൽ മൂന്നു മുന്നണികളും ചർച്ചയാക്കുന്നുണ്ട്. ദേശീയപാത 766ലെ ബന്ദിപ്പുര വനഭാഗത്ത് പതിറ്റാണ്ടിലധികമായി തുടരുന്ന രാത്രിയാത്രാവിലക്ക്, മാനന്തവാടി ഗവ. മെഡിക്കൽ കോളജ് ആശുപത്രിയിലെ ചികിത്സാസൗകര്യങ്ങളുടെ അപര്യാപ്തത, വനാതിർത്തി പ്രദേശങ്ങളിലെ അതിരൂക്ഷമായ വന്യജീവി സംഘർഷം, ചുരം ബദൽ റോഡിനായുള്ള കാത്തിരിപ്പ്, കാർഷിക മേഖലയിലെ പ്രതിസന്ധി, പരിസ്ഥിതി ദുർബല മേഖല (ഇഎസ്എ), പരിസ്ഥിതി സംവേദക മേഖല (ഇഎസ്സെഡ്), വയനാട് റെയിൽവേ, ആദിവാസികൾക്കിടയിലെ ഭൂ രാഹിത്യം. . . ഇങ്ങനെ നീളുന്നതാണ് തെരഞ്ഞെടുപ്പുവിഷയങ്ങൾ. നാമനിർദേശ പത്രികാസമർപ്പണത്തിന് എത്തിയ പ്രിയങ്ക ഗാന്ധി കൽപ്പറ്റയിൽ പൊതുസമ്മേളനത്തിൽ പ്രസംഗിക്കുന്പോൾ ഈ വിഷയങ്ങളിൽ പരാമർശം നടത്തുകയും അവസരം ലഭിച്ചാൽ പരിഹാരത്തിന് ശ്രമിക്കുമെന്ന് ഉറപ്പുനൽകുകയും ചെയ്തിരുന്നു. ദേശീയപാതയിലെ രാത്രിയാത്രാവിലക്ക്, വന്യമൃഗശല്യം, കാർഷിക പ്രതിസന്ധി എന്നീ വിഷയങ്ങളിൽ കോൺഗ്രസിനെയും ബിജെപിയെയുമാണ് എൽഡിഎഫ് പഴിപറയുന്നത്. കർണാടകയിലേത് കോൺഗ്രസ് സർക്കാരായിട്ടും രാത്രിയാത്രാവിലക്ക് നീങ്ങുന്നതിന് ഉതകുന്ന നിലപാട് സ്വീകരിപ്പിക്കാൻ രാഹുൽ ഗാന്ധിക്ക് കഴിഞ്ഞില്ലെന്നു ഇടതുനേതാക്കൾ കുറ്റപ്പെടുത്തുന്നു.

ജനസൗഹൃദമായി വനം വന്യജീവി സംരക്ഷണ നിയമം പൊളിച്ചെഴുതുന്നതിലെ വിമുഖത ചൂണ്ടിക്കാട്ടിയാണ് ബിജെപിക്ക് എതിരായ വിമർശനം. കാർഷികപ്രതിസന്ധിയുടെ ഉത്തരവാദിത്വം കേന്ദ്ര, സംസ്ഥാന സർക്കാരുകളിൽ ചാരിയാണ് കോൺഗ്രസ് പ്രചാരണം. ഗവ. മെഡിക്കൽ കോളജ് ആശുപത്രിയുടെ ശോച്യാവസ്ഥ ഇടതു, വലതു മുന്നണികളെ കടന്നാക്രമിക്കാൻ എൻഡിഎ ആയുധമാക്കുന്നുണ്ട്.

# ഇനിയും' ചിത്രീകരണം തുടങ്ങി



പ്രമുഖ സംവിധായകനായ ജീവ സംവിധാനം ചെയ്യുന്ന ഇനിയും എന്ന ചിത്രത്തിന്റെ സ്വിച്ചോൺ കഴിഞ്ഞ്, ചിത്രീകരണം തൃശൂരിൽ തുടങ്ങി. യഥു ഫിലിം ഫാക്ടറിയുടെ ബാനറിൽ, സുധീർ സി. ബി, നിർമ്മാണം, കഥ, തിരക്കഥ, സംഭാഷണം എന്നിവ നിർവ്വഹിക്കുന്ന ഈ ചിത്രത്തിൽ, പ്രമുഖ താരങ്ങൾക്കൊപ്പം, പുതുമുഖങ്ങളും വേഷമിടുന്നു.

നിർമ്മാതാവും, രചയിതാവുമായ സുധീർ സി. ബിയുടെ പിതാവിന്റെ പിറന്നാൾ ദിനത്തിൽ ചിത്രത്തിന്റെ, സ്വിച്ചോണും, ചിത്രീകരണവും തുടങ്ങണമെന്ന ആഗ്രഹത്തെത്തുടർന്നാണ് ഒക്ടോബർ 31ന് ഇനിയും എന്ന ചിത്രത്തിന്റെ ചിത്രീകരണം ആരംഭിച്ചത്. നിർമ്മാതാവ് സുധീർ സി. ബിയുടെ പിതാവ് ബാലകൃഷ്ണൻ സി. എൻ തന്നെയാണ് സ്വിച്ചോൺ കർമ്മവും നിർവ്വഹിച്ചത്. തുടർന്ന് തൃശൂരും പരിസരങ്ങളിലുമായി ചിത്രീകരണം ആരംഭിച്ചു.

ഗ്രാമീണ പശ്ചാത്തലത്തിൽ, കുടുംബ ബന്ധങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന ശക്തമായൊരു കഥയാണ് ഇനിയും എന്ന ചിത്രം പറയുന്നത്. നിർമ്മാതാവ്, സുധീർ സി. ബി, തന്റെ ജീവിതത്തിൽ നേരിട്ട ഒരു യഥാർത്ഥ കഥ തന്നെയാണ്, ചിത്രത്തിനായി രചിച്ചത്. അതുകൊണ്ട് തന്നെ, ജീവിതത്തിന്റെ ഗന്ധമുള്ള ശക്തമായൊരു കഥ തന്നെ ചിത്രത്തിനായി അവതരിപ്പിക്കാൻ കഴിയുന്നു. എഴുത്തുകാരൻ കൂടിയായ ജീവ ഈ കഥ ശക്തമായി ചിത്രികരിക്കാൻ ശ്രമിക്കുന്നു.

ആഷൻ കിംഗ് അഷ്റഫ് ഗുരുക്കൾ, ഒരു വില്ലൻ കഥാപാത്രത്തെ അവതരിപ്പിക്കുന്നു എന്ന പ്രത്യേകതയും ചിത്രത്തിനുണ്ട്. മോഹൻ സിത്താരയുടെ മനോഹര ഗാനങ്ങളും, ചിത്രത്തിന്റെ മാറ്റ് കൂട്ടുന്നു.

ഫ്ലവേഴ്സ് ചാനലിലൂടെ ശ്രദ്ധേയനായ സനീഷ് മേലേപ്പാട്ട് നായകനാകുന്ന ചിത്രത്തിൽ, പാർത്ഥിപ് കൃഷ്ണൻ ഒരു പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കുന്നു. ഭദ്ര നായികയായി അഭിനയിക്കുന്നു.

യഥു ഫിലിം ഫാക്ടറിയുടെ ബാനറിൽ, സുധീർ സി. ബി, നിർമ്മാണം, കഥ, തിരക്കഥ, സംഭാഷണം എന്നിവ നിർവ്വഹിക്കുന്ന ഇനിയും എന്ന ചിത്രം ജീവ സംവിധാനം ചെയ്യുന്നു. ക്യാമറ കനകരാജ്, ഗാന രചന ചന്ദ്രശേഖരൻ ഏങ്ങണ്ടിയൂർ, ഉണ്ണികൃഷ്ണൻ, സംഗീതം, മോഹൻ സിത്താര, സജീവ് കണ്ടര്, ജോൺസൻ, ആലാപനം ശ്രീനിവാസ്, മധു ബാലകൃഷ്ണൻ, എടപ്പാൾ വിശ്വം, പശ്ചാത്തല സംഗീതം മോഹൻ സിത്താര, എഡിറ്റിംഗ് രഞ്ജിത്ത്, കല ഷിബു അടിമാലി, സംഘട്ടനം അഷ്റഫ് ഗുരുക്കൾ, പ്രൊഡക്ഷൻ കൺട്രോളർ ഷറഫു കരൂപ്പടന്ന, അസോസിയേറ്റ് ഡയറക്ടർ ജയരാജ്, അസിസ്റ്റന്റ് ഡയറക്ടർ ആശ വാസുദേവ്, മേക്കപ്പ് ബിനോയ് കൊല്ലം, കോസ്റ്റ്യൂമർ റസാഖ് തിരൂർ, സ്റ്റിൽ അജേഷ് ആവണി, പി. ആർ. ഒ അയ്മനം സാജൻ സനീഷ് മേലേപ്പാട്ട്, പാർത്ഥിപ് കൃഷ്ണൻ, കൈലാഷ്, റിയാസ് ഖാൻ, ദേവൻ, ശിവജി ഗുരുവായൂർ, സ്ഫടികം ജോർജ്, വിജി തമ്പി, ചെമ്പിൽ അശോകൻ, നന്ദകിഷോർ, ഡ്രാക്കുള സുധീർ, ലിഷോയ്, ദീപക് ധർമ്മടം, ഭദ്ര, അംബികാ മോഹൻ, രമാദേവി, മഞ്ജു, ആശ, പാർവ്വണ എന്നിവരോടൊപ്പം, അഷ്ക്കർ സൗദാൻ അതിഥി താരമായും എത്തുന്നു.

അയ്മനം സാജൻ

# സിക്ക് വിഘടനവാദികൾക്കെതിരായ നടപടിക്കു നിർദേശിച്ചത് അമിത് ഷാ'; ആരോപണം സ്ഥിരീകരിച്ച് കനേഡിയൻ മന്ത്രി

ഒട്ടാവ: കാനഡയിലെ സിക്ക് തീവ്രവാദ ഗ്രൂപ്പുകളെ ലക്ഷ്യമിട്ടുള്ള ഇന്ത്യൻ നടപടികൾ ഇന്ത്യൻ ആഭ്യന്തരമന്ത്രി അമിത് ഷായുടെ ഉത്തരവ് പ്രകാരമാണെന്ന തന്റെ ആരോപണം സ്ഥിരീകരിച്ച് കാനഡ ഉപ വിദേശകാര്യമന്ത്രി ഡേവിഡ് മോറിസൺ. ദേശീയ സുരക്ഷാ സമിതിയിലെ പാർലമെൻറ് അംഗങ്ങളെ അഭിസംബോധന ചെയ്യവേയാണ് മന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്.

കാനഡയിലെ സിക്ക് വിഘടനവാദ ഗ്രൂപ്പുകളെ ലക്ഷ്യമിട്ടുള്ള ഇന്ത്യൻ നടപടികൾ അമിത് ഷായുടെ നിർദേശപ്രകാരമാണെന്ന തരത്തിൽ അമേരിക്കയിലെ വാഷിംഗ്ടൺ പോസ്റ്റ് റിപ്പോർട്ട് ചെയ്തതിനോടു പ്രതികരിക്കുകയായിരുന്നു മന്ത്രി.'അമേരിക്കൻ മാധ്യമപ്രവർത്തകൻ വിളിച്ച്, ഉത്തരവു നൽകിയ വ്യക്തി അമിത് ഷാ അല്ലേയെന്നു ചോദിച്ചു. അതേയെന്ന് താൻ സ്ഥിരീകരിച്ചു' ഡേവിഡ് മോറിസൺ പറഞ്ഞു. എന്നാൽ അമിത് ഷായുടെ ഇടപെടലിനെക്കുറിച്ച് കാനഡ എങ്ങനെ അറിഞ്ഞുവെന്ന് അദ്ദേഹം വ്യക്തമാക്കിയിട്ടില്ല.

പുതിയ വെളിപ്പെടുത്തൽ ഇന്ത്യയും കാനഡയും തമ്മിലുള്ള ഉഭയകക്ഷി ബന്ധം കൂടുതൽ വഷളാക്കിയേക്കുമെന്നാണ് സൂചന.

2023 ജൂണിൽ ഖലിസ്ഥാൻ തീവ്രവാദി ഹർദീപ് സിംഗ് നിജ്ജാറിനെ കൊലപ്പെടുത്തിയ സംഭവത്തിൽ ഇന്ത്യൻ ഏജൻറുമാർക്ക് പങ്കുണ്ടെന്നതിന് വിശ്വസനീയമായ തെളിവുണ്ടെന്ന് കാനഡ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ പറഞ്ഞത് ഏറെ വിവാദമായിരുന്നു.

എന്നാൽ ട്രൂഡോയുടെ ആരോപണങ്ങൾ അസംബന്ധമെന്നുപറഞ്ഞു തള്ളിക്കളഞ്ഞ ഇന്ത്യ, ഇതു സംബന്ധിച്ച് കാനഡ സർക്കാർ വ്യക്തമായ തെളിവുകൾ നൽകിയിട്ടില്ലെന്നും ചൂണ്ടിക്കാട്ടി. കേന്ദ്രമന്ത്രി അമിത് ഷായ്ക്കെതിരായ പുതിയ ആരോപണത്തിൽ ഒട്ടാവയിലെ ഇന്ത്യൻ എംബസി ഇതുവരെ പ്രതികരിച്ചിട്ടില്ല.

സിക്ക് വിഘടനവാദത്തെ പ്രോത്സാഹിപ്പിക്കുന്നുവെന്നാരോപിച്ച് കാനഡയുടെ ആറ് നയതന്ത്ര ഉദ്യോഗസ്ഥരെ ഇന്ത്യ പുറത്താക്കിയിരുന്നു. ഇതിനു പിന്നാലെ ഹർദീപ് സിംഗ് നിജ്ജാറടക്കം രാജ്യത്തെ സിക്ക് പൗരന്മാർക്കെതിരായ കുറ്റകൃത്യങ്ങളിൽ പങ്കുണ്ടെന്ന് ആരോപിച്ച് ഇന്ത്യൻ ഹൈക്കമ്മീഷണർ സഞ്ജയ് കുമാർ വർമയടക്കം ആറ് നയതന്ത്ര ഉദ്യോഗസ്ഥരെ കാനഡയും പുറത്താക്കി.

ഖലിസ്ഥാൻ ഭീകരൻ ഹ!ർദീപ് സിംഗ് നിജ്ജാറുടെ വധവുമായി ബന്ധപ്പെട്ടുയർന്ന നയതന്ത്രത്തർക്കം ഇതോടെ ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം വഷളാകുന്ന അവസ്ഥയിലേക്ക് എത്തിയിരുന്നു. നിജ്ജാറുടെ കൊലപാതകത്തിനുശേഷം ഡൽഹിയിലെ കനേഡിയൻ ഹൈക്കമ്മീഷനിലെ 20 ഉദ്യോഗസ്ഥരെ ഇന്ത്യ വെട്ടിക്കുറച്ചിരുന്നു.

# കുട്ടികളില്ല; ചൈനയിൽ ആയിരക്കണക്കിനു കിൻഡർഗാർട്ടനുകൾ അടച്ചുപൂട്ടി

ബെയ്ജിംഗ്: ജനനനിരക്ക് വൻതോതിൽ കുറഞ്ഞതോടെ ചൈനയിലെ ആയിരക്കണക്കിനു കിൻഡർഗാർട്ടനുകൾ അടച്ചുപൂട്ടി. 2023ൽ 1,808 കിൻഡർഗാർട്ടനുകളാണു രാജ്യമൊട്ടാകെ അടച്ചുപൂട്ടിയത്. 274,400 കിൻഡർഗാർട്ടനുകളാണു രാജ്യത്തുള്ളതെന്നു ചൈനീസ് വിദ്യാഭ്യാസ മന്ത്രാലയം അറിയിച്ചു.

കിൻഡർഗാർട്ടനുകളിൽ ചേരുന്ന കുട്ടികളുടെ എണ്ണം തുടർച്ചയായ മൂന്നാം വർഷവും കുറഞ്ഞു. കഴിഞ്ഞ വർഷം 4.09 കോടി കുട്ടികളാണു ചേർന്നത്. തലേവർഷത്തെ അപേക്ഷിച്ച് 53.5 ലക്ഷം കുട്ടികൾ കുറഞ്ഞു11.55 ശതമാനത്തിന്റെ കുറവ്. ഹോങ്കോംഗ് ആസ്ഥാനമായ സൗത്ത് ചൈന മോർണിംഗ് പോസ്റ്റ് ആണ് ഇക്കാര്യം റിപ്പോർട്ട് ചെയ്തത്. 2023ൽ 5645 പ്രൈമറി സ്കൂളുകളും അടച്ചുപൂട്ടി. 143,500 പ്രൈമറി സ്കൂളുകളാണു ചൈനയിലുള്ളത്.

ചൈനയുടെ ജനസംഖ്യയിൽ തുടർച്ചയായ രണ്ടാം വർഷവും ഇടിവു രേഖപ്പെടുത്തിയിരുന്നു. 20 ലക്ഷമാണ് ജനസംഖ്യയിലുണ്ടായ കുറവ്. 2023ൽ 90 ലക്ഷം ജനനമാണു ചൈനയിലുണ്ടായത്.

ജനസംഖ്യാ കണക്കുകൾ രേഖപ്പെടുത്തിത്തുടങ്ങിയ 1949നു ശേഷമുള്ള ഏറ്റവും കുറഞ്ഞ നിരക്കാണിത്. ലോകത്തെ ഏറ്റവും ജനസംഖ്യയുള്ള രാജ്യം എന്ന റിക്കാർഡ് കഴിഞ്ഞ വർഷം ചൈനയ്ക്കു നഷ്ടമായിരുന്നു. ചൈനയെ മറികടന്ന് ഇന്ത്യ ഒന്നാം സ്ഥാനത്തെത്തി.

ജനനനിരക്ക് കുറയുന്നതിനൊപ്പം വയോധികരുടെ എണ്ണം ഉയരുന്നുവെന്ന ഇരട്ട പ്രതിസന്ധിയാണു ചൈന നേരിടുന്നത്. 2023 അവസാനം, അറുപതിനു മുകളിൽ പ്രായമുള്ള ചൈനക്കാരുടെ എണ്ണം 30 കോടിയാണ്. 2035 ഇത് 40 കോടിയും 2050ഓടെ 50 കോടിയുമാകുമെന്ന് സിൻഹുവ വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്തു.

അടച്ചുപൂട്ടിയ കിൻഡർഗാർട്ടനുകൾ മുതിർന്ന പൗരന്മാർക്കുള്ള സംരക്ഷണ കേന്ദ്രങ്ങളാക്കി മാറ്റിയിരിക്കുകയാണ്. കിൻഡർഗാർട്ടനിലെ ജീവനക്കാരെ വയോധികരെ പരിചരിക്കുന്ന ജോലിയിലേക്കു മാറ്റിയെന്നു സൗത്ത് ചൈന മോർണിംഗ് പോസ്റ്റ് റിപ്പോർട്ട് ചെയ്തു.

ദശകങ്ങളോളം തുടർന്ന ഒറ്റക്കുട്ടി നിയമമാണു ചൈനയിലെ ജനസംഖ്യ കുറയാൻ കാരണം. 2016ൽ ഈ നയം തിരുത്തി. എല്ലാ ദന്പതികൾക്കും രണ്ടു കുട്ടികൾ വരെ അനുവദിക്കുന്ന നിയമം കൊണ്ടുവന്നു. എന്നാൽ, ഇതുകൊണ്ടും കാര്യമായ പ്രയോജനമുണ്ടായില്ല. 2021ൽ ചൈന ജനസംഖ്യാ നയം പുതുക്കി. മൂന്നു കുട്ടികൾ ആകാമെന്ന നിയമം വന്നു.

പെൻഷൻചെലവും വയോജന ശുശ്രൂഷയ്ക്കുള്ള ചെലവും വൻതോതിൽ ഉയർന്നതോടെ ചൈനയിൽ കഴിഞ്ഞ മാസം പുരുഷന്മാരുടെ പെൻഷൻപ്രായം 60ൽനിന്ന് 63ഉം സ്ത്രീകളുടേത് 55ൽനിന്ന് 58ഉം ആക്കി ഉയർത്തിയിരുന്നു.

ജനസംഖ്യ പിടിച്ചുനിർത്താൻ നടപടികൾ

കുത്തനേ താഴുന്ന ജനസംഖ്യ പിടിച്ചുനിർത്താൻ പുതിയ നയങ്ങളുമായി ചൈന. പുതിയ മാതാപിതാക്കൾക്കു സബ്സിഡിയും നികുതിയിളവും നൽകുകയും അതുവഴി കൂടുതൽ കുട്ടികൾക്കു ജന്മം നൽകാൻ ദന്പതികളെ പ്രോത്സാഹിപ്പിക്കുകയുമാണു ലക്ഷ്യം.

വിദ്യാഭ്യാസ സഹായം ശക്തിപ്പെടുത്തുന്നതോടൊപ്പം, ഭവനനിർമാണ സഹായം, തൊഴിൽ സഹായം എന്നിവയിലൂടെ കുട്ടികൾക്കു ജനിക്കാനും വളരാനും അനുകൂലമായ സാഹചര്യങ്ങൾ ഒരുക്കി നൽകുക എന്നതാണു ചൈനീസ് സർക്കാരിന്റെ ലക്ഷ്യം.

അതേസമയം, ഇത്തരം നടപടികൾക്ക് സമൂഹമാധ്യമങ്ങളിൽനിന്നു തണുപ്പൻ പ്രതികരണമാണു ലഭിക്കുന്നത്.

# ഭീകരവാദക്കുറ്റം: ജർമൻഇറാൻ പൗരന് ഇറാനിൽ വധശിക്ഷ

ടെഹ്റാൻ: അമേരിക്കയടക്കമുള്ള പാശ്ചാത്യരാജ്യങ്ങളുടെ എതിർപ്പ് അവഗണിച്ച് ജർമൻഇറാൻ പൗരനെ ഭീകരവാദക്കുറ്റം ചുമത്തി ഇറാനിൽ വധശിക്ഷയ്ക്കു വിധേയനാക്കി. ജംഷിദ് ഷാമാദി(69)നെയാണു തിങ്കളാഴ്ച വധശിക്ഷയ്ക്കു വിധേയനാക്കിയത്. ഇറാന്റെ നടപടിയിൽ കടുത്ത പ്രതിഷേധം അറിയിച്ച ജർമനി, പ്രതിഷേധസൂചകമായി ഇറാനിലെ തങ്ങളുടെ സ്ഥാനപതിയെ പിൻവലിച്ചു. ബർലിനിലെ ഇറേനിയൻ സ്ഥാനപതിയെ വിളിച്ചുവരുത്തി പ്രതിഷേധം അറിയിക്കുകയും ചെയ്തു.

അമേരിക്കൻ പൗരത്വം കൂടിയുള്ള ജംഷിദിനെതിരേ 2008ൽ ഇറാനിലെ ഷിറാസിലെ ഒരു മോസ്കിൽ നടന്ന ഭീകരാക്രമണത്തിൽ 14 പേർ കൊല്ലപ്പെട്ട സംഭവവുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷമാണ് വിപ്ലവ കോടതി കുറ്റം ചുമത്തിയത്. തുടർന്ന് കഴിഞ്ഞ വർഷം ഫെബ്രുവരിയിൽ ഇസ്ലാമിക് വിപ്ലവ കോടതി വധശിക്ഷയ്ക്കു വിധിച്ചു. മതത്തിനു നിരക്കാത്ത മൂല്യങ്ങൾ പ്രചരിപ്പിച്ചെന്നും ഇദ്ദേഹത്തിനെതിരേ കുറ്റം ചുമത്തി.

അമേരിക്കൻ ഏജൻസികളായ എഫ്ബിഐയുമായും സിഐഎയുമായും ഇസ്രേലി ചാരസംഘടനയായ മൊസാദുമായും ഇദ്ദേഹത്തിന് ബന്ധമുണ്ടെന്നും ഇറാൻ ആരോപിച്ചിരുന്നു. 2020ൽ ജംഷിദിനെ ദുബായിൽനിന്ന് ഇറേനിയൻ ഏജൻറുമാർ ഇറാനിലേക്ക് തട്ടിക്കൊണ്ടുപോയി തടവിലിടുകയായിരുന്നു. ദുബായിൽ എത്തുന്നതിനുമുന്പ് അമേരിക്കയിലെ കലിഫോർണിയയിലാണ് അദ്ദേഹം കഴിഞ്ഞുവന്നിരുന്നത്. അമേരിക്കയുടെ ഒത്താശയോടെ ഇറാനിൽ സായുധ, തീവ്രവാദ പ്രവർത്തനങ്ങൾ നടത്താൻ രൂപീകൃതമായ തൊണ്ടാർ ഗ്രൂപ്പിന്റെ നേതാവായിരുന്നു ജംഷിദ് എന്നും 1979ലെ ഇസ്ലാമിക വിപ്ലവത്താൽ അട്ടിമറിക്കപ്പെട്ട ഇറാനിലെ രാജവാഴ്ച പുനഃസ്ഥാപിക്കാൻ ഈ സംഘടന ശ്രമിക്കുന്നതായും ഇറാൻ ആരോപിച്ചിരുന്നു. അതേസമയം, ദുബായിൽനിന്ന് ഇറാനിലേക്കു തട്ടിക്കൊണ്ടുപോയി വർഷങ്ങളോളം തടവിലാക്കിയ ജംഷിദ് ഷാമാദിന് നീതിപൂർവകമായ വിചാരണ ലഭ്യമാക്കിയില്ലെന്നും ഇപ്പോൾ കൊല്ലപ്പെട്ടിരിക്കുകയാണെന്നും ജർമൻ വിദേശകാര്യമന്ത്രി അന്നാലെന ബെയർബൊക് പറഞ്ഞു. ടെഹ്റാനിലേക്ക് ഉന്നതതല സംഘത്തെ അയയ്ക്കുന്നതടക്കം കേസിൽ തന്റെ മന്ത്രാലയം അത്യധ്വാനം ചെയ്തുവരികയായിരുന്നുവെന്നും ജർമൻ പൗരനെ വധിച്ച നടപടിയിൽ ഇറാൻ ഗുരുതര പ്രത്യാഘാതം അനുഭവിക്കേണ്ടിവരുമെന്നും അവർ വ്യക്തമാക്കി. ജർമൻ ചാൻസലർ ഒലാഫ് ഷോൾട്സും ഷാമാദിന്റെ വധശിക്ഷയെ ശക്തമായി അപലപിച്ചു.

ജംഷിദ് ഷാമാദിനെതിരേയുള്ള ആരോപണങ്ങളിൽ കോടതിയിൽ സ്വയം വാദിക്കാൻ പോലും അവസരം ലഭിച്ചില്ലെന്നും അദ്ദേഹത്തിന്റെ കുടുംബത്തെ അനുശോചനം അറിയിക്കുന്നതായും ഷോൾട്സ് എക്സിൽ പറഞ്ഞു.

# അഖിലേന്ത്യാ ദളിത് അവകാശ സമിതി സംസ്ഥാന സമ്മേളനം; സ്വാഗത സംഘം രൂപീകരിച്ചു

തൃശൂർ : ഡിസംബർ ഒന്ന്, രണ്ട് തീയതികളിൽ സംഘടിപ്പിക്കുന്ന അഖിലേന്ത്യാ ദളിത് അവകാശ സമിതിയുടെ (എഐഡിആർഎം) സംസ്ഥാന സമ്മേളനത്തിന്റെ സ്വാഗത സംഘ രൂപീകരണയോഗം സിപിഐ ദേശീയ എക്സിക്യൂട്ടീവ് അംഗം കെ പി രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു. സ്വകാര്യ മേഖലയിൽ സംവരണം നടപ്പിലാക്കാൻ പാർലമെന്റിൽ നിയമ നിർമ്മാണം നടത്തണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. കെ കെ വാര്യർ സ്മാരക മന്ദിരത്തിൽ നടന്ന യോഗത്തിൽ എഐഡിആർഎം സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് കെ അജിത് അധ്യക്ഷനായി. സംസ്ഥാന ജനറൽ സെക്രട്ടറി മനോജ് ബി ഇടമന സമ്മേളന വിശദീകരണം നടത്തി. സിപിഐ തൃശൂർ ജില്ല അസി: സെക്രട്ടറി അഡ്വ: ടി ആർ രമേഷ് കുമാർ. തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി എസ് പ്രിൻസ്, കേരള ഫീഡ്സ് ചെയർമാൻ കെ ശ്രീകുമാർ, എഐടിയുസി ജില്ലാ പ്രസിഡന്റ് ടി കെ സുധീഷ്, മഹിള സംഘം ജില്ലാ സെക്രട്ടറി കെ.എസ് ജയ, മുൻ എംഎൽഎ ഗീത ഗോപി എന്നിവർ സംസാരിച്ചു. എഐഡിആർഎം തൃശൂർ ജില്ല സെക്രട്ടറി ബാബു ചിങ്ങാരത്ത് സ്വഗതവും ദേശീയ കൗൺസിൽ അംഗം വിനിൽ വിവിജയൻ നന്ദിയും പറഞ്ഞു. 75 അംഗ എക്സിക്യൂട്ടീവും 151 അംഗ ജനറൽ കൗൺസിൽ അടക്കുന്ന സ്വാഗത സംഘം രൂപീകരിച്ചു. ഭാരവാഹികൾ: ചെയർമാൻ പി.ബാലചന്ദ്രൻ എംഎൽഎ, ജനറൽ കൺവീനർ ബാബു ചിങ്ങാരത്ത്, ട്രഷറർ സി സി മുകുന്ദൻ എംഎൽഎ.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ശബരിമല തീർഥാടനത്തിന് ഒരുങ്ങി കേരളം

## ശബരിമല തീർഥാടകർക്ക് വിപുലമായ സൗകര്യങ്ങൾ; മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അന്തിമ ഒരുക്കം വിലയിരുത്തി

ശബരിമല മണ്ഡലംമകരവിളക്ക് തീർഥാടനത്തിനായി എല്ലാ ഒരുക്കങ്ങളും പൂർത്തീകരിച്ചതായും ശനിയാഴ്ച മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ നടന്ന ഉന്നതതലയോഗം അന്തിമഘട്ട ഒരുക്കം വിലയിരുത്തിയതായും ദേവസ്വംസഹകരണതുറമുഖ വകുപ്പ് മന്ത്രി വി.എൻ. വാസവൻ. കോട്ടയം പ്രസ്ക്ലബിൽ നടന്ന വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

എല്ലാ തീർഥാടകർക്കും സുഗമമായ ദർശനം ഒരുക്കും. ഇത്തവണ ശബരമലയിൽ എത്തുന്ന എല്ലാ തീർഥാടകർക്കും തിരുവിതാംകൂർ ദേവസ്വം ബോർഡ് സൗജന്യ ഇൻഷുറൻസ് കവറേജ് ഏർപ്പെടുത്തിയിട്ടുണ്ട്. അഞ്ചു ലക്ഷം രൂപയുടെ കവറേജാണ് നൽകുക. തീർഥാടകർ മരണപ്പെട്ടാൽ മൃതദേഹം നാട്ടിലെത്തിക്കാൻ എല്ലാ സംവിധാനവും ദേവസ്വം ബോർഡ് ഒരുക്കും.

വിവിധ വകുപ്പുകളുടെ ഒരുക്കം വിലയിരുത്തി. ഇടത്താവളങ്ങളിലെ ഒരുക്കം വിലയിരുത്താനുള്ള യോഗങ്ങൾ പൂർത്തീകരിച്ചു. പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണികളടക്കം എല്ലാ പ്രവർത്തികളും നവംബർ 10നകം പൂർത്തീകരിക്കും. 1000 വിശുദ്ധി സേനാംഗങ്ങളെ പരിശീലനം നൽകി നിയോഗിക്കും. പൊലീസ് വിപുലമായ സുരക്ഷാസംവിധാനമൊരുക്കും. മുൻപ് ശബരിമലയിൽ ജോലി നോക്കി പരിചയമുള്ള ഉദ്യോഗസ്ഥരെയടക്കം 13600 പൊലീസ് ഉദ്യോഗസ്ഥരെ നിയോഗിക്കും. കാനനപാതയിൽ തീർഥാടകർക്ക് എല്ലാ സൗകര്യവും ഒരുക്കും. സ്നേക്ക് ക്യാച്ചേഴ്സിന്റെ അടക്കം സേവനം ലഭ്യമാണ്.

അഗ്നിരക്ഷാ സേന ഇത്തവണ കൂടുതൽ ഉദ്യോഗസ്ഥരെ വിവിധയിടങ്ങളിൽ നിയോഗിക്കും. 2500 ആപ്തമിത്ര വോളന്റിയർമാരുടെ സേവനം അഗ്നിരക്ഷ സേനയുടെ ഭാഗമായി ഒരുക്കും. ഫയർഫോഴ്സ് വിവരങ്ങൾ കൈമാറുന്നതിനും പെട്ടെന്ന് നടപടികൾ സ്വീകരിക്കുന്നതിനും പുതിയ വാക്കിടോക്കി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വ്യൂപോയിന്റുകളിൽ കൂടുതൽ സുരക്ഷ ഏർപ്പെടുത്തും. സ്കൂബാ ടീമടക്കമുള്ളവരുടെ സേവനവും ലഭിക്കും.

തീർഥാടകർ എത്തുന്ന എല്ലാ പ്രധാനസ്ഥലങ്ങളിലും കുടിവെള്ളമെത്തിക്കാൻ ജലഅതോറിറ്റി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചെങ്ങന്നൂർ, എരുമേലി, പമ്പയടക്കം എല്ലാ കുളിക്കടവുകളിലും ഇറിഗേഷൻ വകുപ്പ് സുരക്ഷാവേലികൾ നിർമിക്കും. വിവിധ ഭാഷകളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കും. ശുചിത്വ മിഷന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ മാലിന്യസംസ്ക്കരണത്തിന് വിപുലമായ സംവിധാനങ്ങളാണ് ഒരുക്കുക. സെപ്റ്റിക് ടാങ്ക് മാലിന്യസംസ്ക്കരണത്തിന് ആധുനിക മൊബൈൽ സംവിധാനങ്ങടക്കം ഉപയോഗിക്കും. ചങ്ങനാശേരി നഗരസഭ, കുമരകം പഞ്ചായത്ത് എന്നിവിടങ്ങളിലെ മൊബൈൽ സെപ്റ്റിക് ടാങ്ക് മാലിന്യസംസ്ക്കരണ യൂണിറ്റ് ഇതിനായി ഉപയോഗിക്കും.

നിലയ്ക്കൽ, സന്നിധാനം എന്നിവിടങ്ങളിലും കോട്ടയം മെഡിക്കൽ കോളജിലും പത്തനംതിട്ട ജനറൽ ആശുപത്രി, കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രി എന്നിവടങ്ങളിലും ആരോഗ്യവകുപ്പ് വിപുലമായ ചികിത്സാസൗകര്യങ്ങളൊരുക്കും. എല്ലാ ആശുപത്രികളിലും ആവശ്യത്തിന് മരുന്നും മറ്റുസൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. പമ്പ, അപ്പാച്ചിമേട്, സന്നിധാനം, പത്തനംതിട്ട ജനറൽ ആശുപത്രി, കോട്ടയം മെഡിക്കൽ കോളജ്, കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ വിപുലമായ കാർഡിയോളജി ചികിത്സാസംവിധാനമുണ്ട്. ഇവിടങ്ങളിൽ തീർഥാടകർക്കായി പ്രത്യേകവാർഡുകളും ഇൻഫർമേഷൻ സെന്ററുകളും തുറക്കും. പാമ്പുകടി ഏൽക്കുന്നവർക്ക് ആന്റീവെനം അടക്കമുള്ള ചികിത്സാസംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. പമ്പയിലും അപ്പാച്ചിമേട്ടിലും സന്നിധാനത്തും ആരോഗ്യവകുപ്പ് മികച്ച സേവനങ്ങൾ ഭക്തർക്കായി നൽകുന്നുണ്ട്. ഇവയ്ക്ക് പുറമേ ലോകപ്രശസ്തനായ ന്യൂറോസർജൻ രാംനാരായണന്റെ നേതൃത്വത്തിൽ വിദഗ്ധരായ നൂറിലേറെ ഡോക്ടർമാർ ഡിവോട്ടീസ് ഓഫ് ഡോക്ടേഴ്സ് എന്ന പേരിൽ സേവന സന്നദ്ധത അറിയിച്ചു. ഇത് ഫലപ്രദമായി വിനിയോഗിക്കും. മണ്ഡലമകരവിളക്ക് കാലം മുഴുവൻ എക്കോ കാർഡിയോഗ്രാം ഉൾപ്പെടെയുള്ള അത്യാധുനിക ഉപകരണങ്ങൾ ഉൾപ്പെടെ ലഭ്യമാക്കി ഡോക്ടേഴ്സ് പമ്പയിലും സന്നിധാനത്തും സേവനം ലഭ്യമാക്കും.

മോട്ടോർ വാഹനവകുപ്പ് സേഫ് സോൺ പദ്ധതി വിപുലമാക്കും. 20 സ്ക്വാഡുകളെ പട്രോളിങ്ങിനായി നിയോഗിക്കും. മൂന്നു കൺട്രോൾ റൂമുകൾ തുറക്കും. 24 മണിക്കൂറും സേവനം ലഭിക്കും. വാഹനങ്ങൾ കേടായാൽ മാറ്റുന്നതിന് റിക്കവറി വാഹനങ്ങളുടെ സേവനമടക്കം ലഭ്യമാക്കും. ജല അതോറിട്ടിയുടെ ഗുണനിലവാര പരിശോധന ലാബിലൂടെ പമ്പയിൽ ഓരോ മണിക്കൂറിലും വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കും. കെ.എസ്.ആർ.ടി.സി. പ്രത്യേക സർവീസുകൾ നടത്തും. തേനിപമ്പ സെക്ടറിൽ കൂടുതൽ സർവീസുകൾ നടത്തും.

ഭക്ഷണത്തിന്റെ ഗുണനിലവാരവും അളവും ശുചിത്വവും ഉറപ്പാക്കാൻ ഭക്ഷ്യസുരക്ഷാവകുപ്പും ലീഗൽ മെട്രോളജിയും ചേർന്ന് സംയുക്ത പരിശോധനകൾ നടത്തും. ഇടത്താവളങ്ങളിലും പരിശോധന കർശനമാക്കും. ലഹരിവസ്തുക്കളുടെ ഉപയോഗം തടയാൻ എക്സൈസും പൊലീസും ചേർന്ന് സംയുക്ത പരിശോധനകൾ നടത്തും. കാനനപാതയിലടക്കം മുടക്കമില്ലാതെ വൈദ്യുതി ലഭ്യമാക്കാൻ കെ.എസ്.ഇ.ബി. നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മരക്കൂട്ടംമുതൽ സന്നിധാനം വരെ തീർഥാടകർക്ക് വിശ്രമിക്കുന്നതിനായി 1000 സ്റ്റീൽ കസേരകൾ സ്ഥാപിക്കും. കുടിവെള്ളമടക്കമുള്ള സൗകര്യങ്ങളും ലഭ്യമാക്കും. ഇടോയ്‌ലറ്റ് സൗകര്യവുമുണ്ടാകും. പ്രധാനപ്പെട്ട റെയിൽവേസ്റ്റേഷനുകളിൽ പൊലീസ് എയ്ഡ് പോസ്റ്റുകൾ തുറക്കും. കാനനപാതയിൽ വനംവകുപ്പ് 132 സേവനകേന്ദ്രങ്ങൾ തുറക്കും. തീർഥാടകർക്കാവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കാൻ 1500 എക്കോ ഗാർഡുകളെ നിയോഗിക്കും. എലിഫെന്റ് സ്ക്വാഡിന്റെയടക്കം സേവനമുണ്ടാകും.ദുരന്തനിവാരണ വകുപ്പ് പ്രത്യേക ദുരന്തനിവാരണ ആക്ഷൻ പ്ലാൻ ശബരിമലയ്ക്കായി തയാറാക്കിയിട്ടുണ്ട്. 17 ലക്ഷം രൂപ പത്തനംതിട്ട ദുരന്തനിവാരണ സമിതിക്ക് അനുവദിച്ചിട്ടുണ്ട്. 90 റവന്യൂ ജീവനക്കാരെ ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കായി നിയോഗിക്കും.

ഭക്ഷ്യസാധനവില ആറു ഭാഷകളിൽ പ്രദർശിപ്പിക്കും. കൂടുതൽ സി.സി.ടി.വികൾ സ്ഥാപിക്കും. കവറേജ് വർധിപ്പിക്കുന്നതിനായി ബി.എസ്.എൻ.എൽ. 22 മൊബൈൽ ടവറുകൾ ഒരുക്കും. പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കാൻ ശുചിത്വമിഷൻ ബോധവത്കരണം നടത്തും. തുണിമാലിന്യങ്ങൾ നീക്കുന്നതിന് ഗ്രീൻ ഗാർഡുകളെ നിയോഗിക്കും.

വൃശ്ചികം ഒന്നിന് 40 ലക്ഷം കണ്ടെയ്നർ അരവണ ബഫർ സ്റ്റോക്കുണ്ടാകും. അരണവണയും അപ്പവും തീർഥാടകർക്ക് യഥേഷ്ടം ലഭ്യമാക്കും. എസ്.എം.എസ്. മുഖേന തീർഥാടകർക്ക് വിവരങ്ങൾ നൽകാൻ ദേവസ്വം ബോർഡ് പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ട്.നിലയ്ക്കലിൽ 10,000 വാഹനങ്ങൾക്ക് പാർക്ക് ചെയ്യാൻ ഇത്തവണ സൗകര്യമൊരുക്കും. കഴിഞ്ഞതവണ 7500 വാഹനങ്ങൾക്ക് പാർക്ക് ചെയ്യാൻ കഴിയുമായിരുന്നു. ഇത്തവണ കൂടുതൽ സൗകര്യമൊരുക്കി 2500 വാഹനങ്ങൾക്ക് കൂടി പാർക്കിങ് ക്രമീകരണമൊരുക്കും. നിലയ്ക്കലിൽ പാർക്കിങ് പൂർണമായി ഫാസ്റ്റ് ടാഗ് ഉപയോഗിച്ചാണ്. പമ്പ ഹിൽടോപ്പ്, ചക്കുപാലം എന്നിവിടങ്ങളിൽ മാസപൂജ സമയത്ത് പാർക്കിങ്ങിന് കോടതി അനുമതി നൽകിയിരുന്നു. ഇവിടെ 2000 വാഹനങ്ങൾക്ക് പാർക്ക് ചെയ്യാം. കോടതി അനുമതിയോടെ മണ്ഡല മകരവിളക്ക് മഹോത്സവകാലത്ത് ഇവിടെ പാർക്കിങ് ക്രമീകരണം ഒരുക്കാൻ ശ്രമിക്കും. എരുമേലിയിൽ ഹൗസിങ് ബോർഡിന്റെ കൈവശമുള്ള ആറര ഏക്കർ സ്ഥലം പാർക്കിങ്ങിനായി വിനിയോഗിക്കും.

നിലയ്ക്കലിൽ 1045 ടോയ്‌ലറ്റുകളും പമ്പയിൽ 580 ടോയ്‌ലറ്റുകളും ഒരുക്കും. നൂറെണ്ണം സ്ത്രീകൾക്കായാണ് ഒരുക്കുക. സന്നിധാനത്ത് 1005 ടോയ്‌ലറ്റുകളൊരുക്കും. പാരമ്പര്യപാതയിലും സ്വാമി അയ്യപ്പൻ റോഡിലുമായി ബയോ ടോയ്‌ലറ്റുകളും ബയോ യൂറിനലകളും അൻപതിലധികം സ്ഥാപിച്ചിട്ടുണ്ട്.

കഴിഞ്ഞവർഷം 15 ലക്ഷത്തിലേറെ പേർക്ക് അന്നദാനം നൽകി. ഇത്തവണ 20 ലക്ഷത്തിലേറെ അയ്യപ്പഭക്തർക്ക് സന്നിധാനത്ത് അന്നദാനം ഒരുക്കും. സന്നിധാനത്തെ ശബരി ഗസ്റ്റ് ഹൗസ് പൂർണ്ണമായും പുനർ നവീകരിക്കുന്നു. സന്നിധാനത്തെ ദേവസ്വം ജീവനക്കാർക്ക് താമസിക്കാനുള്ള സ്റ്റാഫ് ക്വാർട്ടേഴ്സ് പൂർണമായും നവീകരിച്ചു. പമ്പയിലെ ഗസ്റ്റ് ഹൗസിലും നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.മന്ത്രിമാരായ വി.എൻ. വാസവൻ, കെ. രാജൻ, കെ. കൃഷ്ണൻകുട്ടി, എ.കെ. ശശീന്ദ്രൻ, ജി.ആർ. അനിൽ, കെ.ബി. ഗണേഷ് കുമാർ, വീണ ജോർജ്, എം.എൽ.എ.മാരായ അഡ്വ. പ്രമോദ് നാരായൺ, അഡ്വ. സെബാസ്റ്റിയൻ കുളത്തുങ്കൽ, ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പി.എസ്. പ്രശാന്ത്, ദേവസ്വം സ്പെഷൽ സെക്രട്ടറി ടി.വി. അനുപമ, ഉന്നത ഉദ്യോഗസ്ഥർ, വിവിധ വകുപ്പ് മേധാവികൾ, ജില്ലാ കളക്ടർമാർ, തദ്ദേശസ്വയംഭരണ ജനപ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

# ശാന്തിഗിരി ഫെസ്റ്റിൽ വൻ ജനത്തിരക്ക്

പോത്തൻകോട്: അറിവിന്റെയും ആനന്ദത്തിന്റെയും വേറിട്ട സന്ദേശം നൽകി ഒക്ടോബർ രണ്ടിന് തുടക്കമായ ശാന്തിഗിരി ഫെസ്റ്റിൽ വൻ ജനത്തിരക്ക്. ഒട്ടേറെ പുതുമകൾ നിറച്ചാണ് ഫെസ്റ്റിന്റെ മൂന്നാം പതിപ്പ് ഒരുക്കിയിരിക്കുന്നത്.

ബൈപ്പാസ് റോഡിൽ ആശ്രമത്തിന്റെ പ്രവേശനകവാടത്തിനു സമീപമുള്ള നക്ഷത്രവനം മുതൽ മൂന്നര കിലോമീറ്ററോളം കാഴ്ചയുടെ മാമാങ്കമാണ്. സൗഖ്യം പകരുന്ന ഹീലിങ് ഗാർഡൻ, വന്യതയിൽ ധന്യത നിറയുന്ന വൈൽഡ് ഗാർഡൻ, പ്രകൃതിയോടിണങ്ങി നിൽക്കുന്ന ഹാപ്പിനസ് ഗാർഡൻ എന്നിങ്ങനെ മൂന്നിടങ്ങൾ ഫെസ്റ്റ് നഗരിയിലുണ്ട്. മൂന്നും സമ്മാനിക്കുന്നത് കാഴ്ചയുടെയും ആശയങ്ങളുടെയും വ്യത്യസ്ത തലങ്ങളാണ്.

അതിവിശാലമായ ജലസംഭരണിക്ക് ചുറ്റുമാണ് ഇത്തവണത്തെ കാർണിവൽ. പതിനായിരം ചതുരശ്ര അടി വിസ്തീർണത്തിൽ പുതുമകൾ നിറഞ്ഞ അമ്യൂസ്മെന്റ് പാർക്ക് വിനോദങ്ങൾക്കുള്ള വേദിയാണ്. പ്രദർശന വ്യാപാരമേളകൾക്ക് പുറമെ ഗെയിം ഷോകൾ, ഫ്ലവർ ഷോ, പെറ്റ് ഷോ, അക്വാ ഷോ, കുട്ടികൾക്കുള്ള വിനോദ പരിപാടികൾ, കാർഷിക വിപണന മേളകൾ, ഭാരതീയ ചികിത്സാ വിഭാഗങ്ങൾ ഉൾക്കൊള്ളുന്ന നവആരോഗ്യധർമ്മ കേന്ദ്രം, വിവിധ രാജ്യങ്ങളിലെ വെജിറ്റേറിയൻ ഭക്ഷണരുചികൾ ഉൾപ്പെടുത്തിയുള്ള ഫുഡ് കോർട്ട് എന്നിവയും ഫെസ്റ്റിലുണ്ട്.

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും വിവിധ സേനാ വിഭാഗങ്ങളുടെയും പ്രദർശന സ്റ്റാളുകൾ ആളുകളിൽ കൗതുകം ജനിപ്പിക്കുന്നു. പ്രകാശവിന്യാസം കൊണ്ടുള്ള വർണക്കാഴ്ചകളും ജലാശയത്തിലെ മ്യൂസിക്കൽ വാട്ടർ ഫൗണ്ടെയ്നും ഫെസ്റ്റ് നഗരിയുടെ മുഖ്യ ആകർഷണമാണ്.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവർ പങ്കെടുത്ത കലാ സാംസ്കാരിക സാഹിത്യോത്സവങ്ങളും വിശ്വസംസ്കൃതി കലാരംഗത്തിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന കലാജ്ഞലിയും ശാന്തിഗിരി ഫെസ്റ്റിൽ ആസ്വാദകരുടെ മനം കവരുന്നുണ്ട്. എൺപതടി നീളത്തിലും അറുപതടി വീതിയിലും ഒമ്പതടി ഉയരത്തിലുമാണ് ഭീമൻ വേദിയിലാണ് മെഗാഷോകൾ അരങ്ങേറുന്നത്.

അവധി ദിവസങ്ങളിൽ പതിനായിരത്തിലധികം പേരാണ് ഫെസ്റ്റിൽ സന്ദർശകരായി എത്തുന്നത്. രണ്ടു ലക്ഷത്തോളം പേർ ഇതിനകം ഫെസ്റ്റ് കണ്ടു കഴിഞ്ഞു. തിരക്ക് കണക്കിലെടുത്ത് ഈ മാസം 10 വരെ നടത്താനിരുന്ന ഫെസ്റ്റിന്റെ തീയതി നീട്ടാനും സംഘാടകർ ആലോചിക്കുന്നുണ്ടെന്ന് കോ ഓർഡിനേഷൻ ഓഫിസ് അറിയിച്ചു. അവധി ദിവസങ്ങളിൽ ഉച്ചയ്ക്ക് 12 മുതൽ രാത്രി 10 മണി വരെയും പ്രവർത്തി ദിനങ്ങളിൽ വൈകിട്ട് മൂന്നു മുതൽ രാത്രി 10 മണി വരെയുമാണ് പ്രവേശനം.

### കാട്ടാക്കടയിൽ ഇന്ന് 'വനിതാ ജങ്ഷൻ'

കാട്ടാക്കട: കാട്ടാക്കട ഗ്രാമപഞ്ചായത്ത് സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന വനിതാ ജങ്ഷൻ ഇന്ന് ഉച്ചയ്ക്ക് രണ്ട് മണിക്ക് കാട്ടാക്കട കെഎസ്ആർടിസി ഗ്രൗണ്ടിൽ നടക്കും. പൊതു ഇടങ്ങൾ തങ്ങളുടേത് കൂടിയാണെന്ന് സമൂഹത്തിന് ബോധ്യം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ ജില്ലയിൽ ആദ്യമായി സംഘടിപ്പിക്കുന്ന പരിപാടി ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ ഉദ്ഘാടനം ചെയ്യും. സിനിമാതാരം ഉമാ നായർ, സാമൂഹിക സാംസ്കാരിക രംഗത്തെ വനിതകൾ തുടങ്ങിയവർ പങ്കെടുക്കും.

# അഭിമാനം നമ്മുടെ മെഡിക്കൽ കോളേജുകൾ: സർക്കാർ മേഖലയിലെ 10 കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളും വിജയം

## ഏഴാമത്തെ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തി കോട്ടയം മെഡിക്കൽ കോളേജ്

സംസ്ഥാനത്ത് സർക്കാർ മെഡിക്കൽ കോളേജുകളിലെ പത്താമത്തെ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും വിജയകരമായി പൂർത്തിയായി. 3 കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ തിരുവനന്തപുരം മെഡിക്കൽ കോളേജിലും 7 കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ കോട്ടയം മെഡിക്കൽ കോളേജിലുമാണ് നടന്നത്. ലക്ഷക്കണക്കിന് രൂപ ചെലവ് വരുന്ന അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളിൽ രോഗികൾക്കുണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധി ഇടപെട്ട് പരിഹരിക്കണമെന്ന ലക്ഷ്യത്തോടെയാണ് സർക്കാർ ആശുപത്രികളിൽ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ യാഥാർത്ഥ്യമാക്കിയത്. കോട്ടയത്ത് സർജിക്കൽ ഗ്യാസ്ട്രോഎൻട്രോളജി വിഭാഗം മേധാവി ഡോ. സിന്ധുവും തിരുവനന്തപുരത്ത് സർജിക്കൽ ഗ്യാസ്ട്രോഎൻട്രോളജി വിഭാഗം മേധാവി ഡോ. രമേശ് രാജനുമാണ് ശസ്ത്രക്രിയകൾക്ക് നേതൃത്വം നൽകുന്നത്. രണ്ട് മെഡിക്കൽ കോളേജുകളിലെയും ആരോഗ്യ പ്രവർത്തകരെ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദനം അറിയിച്ചു.ഏഴാമത്തെ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയാണ് കോട്ടയം മെഡിക്കൽ കോളേജിൽ പൂർത്തിയായത്. ഗുരുതര കരൾ രോഗം ബാധിച്ച മാവേലിക്കര സ്വദേശിയായ 57 വയസുകാരനാണ് കരൾ മാറ്റിവച്ചത്. അദ്ദേഹത്തിന്റെ മകൻ മൂന്നാം വർഷ ബി.കോം. വിദ്യാർത്ഥിയായ 20 വയസുകാരനാണ് കരൾ പകുത്ത് നൽകിയത്. മെഡിക്കൽ കോളേജുകളിൽ നടത്തിയ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളിൽ കരൾ പകുത്ത് നൽകിയ ഏറ്റവും പ്രായം കുറഞ്ഞ വ്യക്തി കൂടിയാണ്. വിജയകരമായ ശസ്ത്രക്രിയയ്ക്ക് ശേഷം ഇരുവരും തീവ്രപരിചരണ വിഭാഗത്തിൽ നിരീക്ഷണത്തിലാണ്.സർക്കാർ ആശുപത്രികളിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ യാഥാർത്ഥ്യമാക്കണമെന്ന ഇച്ഛാശക്തിയുടെ ഫലമായാണ് ഈ സർക്കാരിന്റ കാലത്ത് ഇത് സാധ്യമാക്കിയത്. മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ നിരന്തരം ചർച്ചകളും ഇടപെടലുകളും നടത്തി മികച്ച സൗകര്യങ്ങളൊരുക്കിയാണ് മെഡിക്കൽ കോളേജുകളിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ യാഥാർത്ഥ്യമാക്കിയത്. 2022 ഫെബ്രുവരി 14ന് കോട്ടയം മെഡിക്കൽ കോളേജിലാണ് ആദ്യമായി കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയിപ്പിച്ചത്. തുടർന്നാണ് രണ്ട് മെഡിക്കൽ കോളേജുകളിലുമായി ഇത്രയും കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടത്തിയത്. കഴിഞ്ഞ മാസം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടന്നിരുന്നു. ദാതാവും സ്വീകർത്താവും സുഖം പ്രാപിച്ചതിനെ തുടർന്ന് കഴിഞ്ഞദിവസം ഇവർ ആശുപത്രി വിട്ടിരുന്നു.സർക്കാർ മേഖലയിൽ കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയിച്ചിരിക്കുന്നത് ആരോഗ്യ മേഖലയുടെ വലിയൊരു നേട്ടം കൂടിയാണ്. സംസ്ഥാനത്ത് അവയവം മാറ്റിവയ്ക്കാനായി കാത്തിരിക്കുന്നവർ ധാരാളമുണ്ട്. സ്വകാര്യ മേഖലയിൽ 40 ലക്ഷത്തോളം രൂപ ഇത്തരം ശസ്ത്രക്രിയയ്ക്ക് വേണ്ടി വരും. അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയനാകുന്ന വ്യക്തിയെ സംബന്ധിച്ച് വലിയ സാമ്പത്തിക പ്രതിസന്ധിയാണ് ഇതുമൂലം ഉണ്ടാകുന്നത്. ഇതിനൊരു പരിഹാരം കാണാനാണ് സർക്കാർ മേഖലയിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ യാഥാർത്ഥ്യമാക്കിയത്. ഇത് കൂടാതെ അവയവദാന മേഖലയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടു വരിക എന്ന ലക്ഷ്യവുമായി കോഴിക്കോട് ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നു. അവയവങ്ങൾക്ക് കേടുപാട് വന്നവരുടെ ചികിത്സ മുതൽ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും പുനരധിവാസവും വരെയുള്ള സമഗ്ര പരിചരണം സാധ്യമാക്കുന്ന തരത്തിലാണ് ഇൻസ്റ്റിറ്റ്യൂട്ട് രൂപകൽപന ചെയ്തിരിക്കുന്നത്.

# പക്ഷാഘാത രോഗികൾക്ക് ആശ്വാസമായി ജനറൽ ആശുപത്രിയിലെ ജിഗെയ്റ്റർ

തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ കേരള ഡെവലപ്മെൻറ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെഡിസ്ക്) സജ്ജീകരിച്ചിട്ടുള്ള റോബോട്ടിക് ഗെയ്റ്റ് റീഹാബിലിറ്റേറ്റർ (ജിഗെയിറ്റർ) കഴിഞ്ഞ ഒരു വർഷമായി നിരവധി രോഗികൾക്ക് ആശ്വാസമേകി.

മസ്തിഷ്കാഘാത ചികിത്സ പൂർത്തിയാക്കി മൂന്ന് മാസം കഴിഞ്ഞതും സ്വന്തമായി എഴുന്നേറ്റു നിൽക്കാൻ കഴിയുന്നതുമായ രോഗികൾക്കാണ് മിതമായ നിരക്കിൽ ഗെയ്റ്റ് സേവനം ലഭ്യമാക്കിയിരിക്കുന്നത്. ചലന വൈകല്യങ്ങൾ അനുഭവിക്കുന്ന രോഗികൾക്ക് വേഗത്തിൽ സുഖം പ്രാപിക്കുന്നതിനും പരമ്പരാഗത ഗെയ്റ്റ് ട്രെയിനിംഗ് പ്രശ്നങ്ങൾക്ക് മികച്ച പരിഹാരം നൽകുന്നതിനും നൂതന സാങ്കേതിക വിദ്യകളായ നിർമിത ബുദ്ധി, റോബോട്ടിക്സ് എന്നിവ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ജിഗെയിറ്റർ സഹായകരമാണ്.

ജിഗെയ്റ്റർ നടപ്പിലാക്കുന്ന രാജ്യത്തെ ആദ്യത്തെ സർക്കാർ ആശുപത്രിയായ തിരുവനന്തപുരം സർക്കാർ ജനറൽ ആശുപത്രിയിലെ ഫിസിക്കൽ മെഡിസിൻ റിഹാബിലിറ്റേഷൻ ഡിപ്പാർട്മെന്റിലെ വിദഗ്ധരായ ഡോക്ടർമാരുടെ നിർദേശാനുസരണമാണ് രോഗികൾക്ക് ഗെയ്റ്റ് ട്രെയിനിങ് നൽകി വരുന്നത്.

നിലവിൽ ഗെയ്റ്റ് ട്രെയിനിങ് ആവശ്യമുള്ള രോഗികൾക്കു സാധാരണ രീതിയിൽ മുപ്പത് മിനുട്ട് ദൈർഘ്യമുള്ള ഇരുപത് സെഷൻസ് ആണ് ലഭ്യമാകുക. ലോകോത്തര നിലവാരത്തിലുള്ള റോബോട്ടിക് ഗെയ്റ്റ് റീഹാബിലിറ്റേറ്റർ സംവിധാനത്തിന്റെ ഉദ്ഘാടനം, 2023 നവംബർ 4ന് ബഹു. ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി വീണ ജോർജാണ് നിർവഹിച്ചത്.

നടപ്പിലാക്കി ഒരു വർഷം കൊണ്ട് നൂറ് കണക്കിന് പക്ഷാഘാത രോഗികളുടെ പുനരധിവാസം ജിഗെയ്റ്ററിലൂടെയുള്ള പരിശീലനത്തിലൂടെ വേഗത്തിൽ സാധ്യമാക്കിയതായി തിരുവനന്തപുരം ഡിസ്ട്രിക്ട് മെഡിക്കൽ ഓഫീസർ (ഡിഎം ഒ) ആയ ഡോ. ബിന്ദു മോഹൻ പറഞ്ഞു.തിങ്കൾ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ രാവിലെ 8 മുതൽ ഉച്ചക്ക് 1 മണി വരെയാണ് ജനറൽ ഹോസ്പിറ്റലിലെ ജിഗെയിറ്റർ ഗെയ്റ്റ് പരിശീലനത്തിന്റെ പ്രവർത്തന സമയം. ബി.പി.എൽ വിഭാഗത്തിലെ രോഗികൾക്ക് ഇരുപതു ട്രെയിനിങ് സെക്ഷനുകൾക്ക് ആയിരം രൂപയും അല്ലാത്തവർക്ക് രണ്ടായിരം രൂപയുമാണ് നിരക്ക്.

കൂടുതൽ വിവരങ്ങൾക്ക് തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ പിഎം ആർ വകുപ്പിലെ ഡോക്ടർമാരുമായി ബന്ധപ്പെടുകയോ ബുധനാഴ്ചകളിൽ ജനറൽ ആശുപത്രിയിലെ സ്ട്രോക്ക് ക്ലിനിക്ക് സന്ദർശിക്കുകയോ ചെയ്യുക.

# തൊഴിലുറപ്പ് പദ്ധതിയിൽ ടെക്നിക്കൽ എക്സ്പെർട്ട്

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സംസ്ഥാന മിഷൻ ഓഫീസിൽ ടെക്നിക്കൽ എക്സ്പെർട്ട് (അഗ്രികൾച്ചർ) തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. സംസ്ഥാന മണ്ണ് സംരക്ഷണ വകുപ്പ്, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് എന്നിവയിൽ 59300120900 (പുതിയത്) ശമ്പള സ്കെയിലിൽ അസിസ്റ്റന്റ് ഡയറക്ടർ / സമാന തസ്തികയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് അപേക്ഷിക്കാം. നീർത്തടാധിഷ്ഠിത പ്ലാനിംഗിൽ ചുരുങ്ങിയത് 5 വർഷത്തെ പ്രവർത്തന പരിചയം ഉള്ളവർക്ക് മുൻഗണന. ഉദ്യോഗസ്ഥർ കേരള സർവ്വീസ് റൂൾസ് പാർട്ട് 1 റൂൾ 144 പ്രകാരമുള്ള പത്രിക, വകുപ്പ് തലവൻ നൽകുന്ന എൻഒസി, ബയോഡേറ്റ എന്നിവ സഹിതം മാതൃസ്ഥാപനം മുഖേന അപേക്ഷിക്കണം.അപേക്ഷകൾ നവംബർ 20ന് വൈകിട്ട് 5 നകം ലഭിക്കണം. മിഷൻ ഡയറക്ടർ, മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ, 3ാം നില, റവന്യുകോംപ്ലക്സ്, പബ്ലിക് ഓഫീസ്, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം 695033 എന്ന വിലാസത്തിൽ ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 0471 2313385, 1800 425 1004,

# കൈറ്റ് വിക്ടേഴ്സിൽ ലൈവും

നവംബർ 4ന് ആരംഭിക്കുന്ന സംസ്ഥാന സ്കൂൾ കായികമേളയുടെ മത്സരക്രമവും ഫലങ്ങളും തത്സമയം ലഭിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം കൈറ്റ് സജ്ജമാക്കി. www.spor-ts.k-i-te.k-er-a-l-a.gov.in പോർട്ടൽ വഴി സബ് ജില്ലാതലം മുതൽ സംസ്ഥാനതലം വരെയുള്ള 730 മത്സര ഇനങ്ങളുടെ നടത്തിപ്പിന്റെ വിശദാംശങ്ങൾ പൂർണമായും ഓൺലൈനായി കിട്ടും. 17 വേദികളിലായി എറണാകുളത്ത് നടക്കുന്ന സംസ്ഥാന കായികമേളയുടെ എല്ലാ മത്സര വേദികളിലേയും തത്സമയ ഫലങ്ങളും മത്സര പുരോഗതിയും മീറ്റ് റെക്കോർഡുകളും പോർട്ടലിലൂടെ ലഭിക്കും. ഫലങ്ങൾ ജില്ല, സ്കൂൾ തിരിച്ചും വിജയികളുടെ ചിത്രങ്ങളോടെയും കൈറ്റിന്റെ സ്പോർട്സ് പോർട്ടലിൽ ലഭ്യമാക്കും.ഓരോ കുട്ടിയുടെയും സബ് ജില്ലാതലം മുതൽ ദേശീയ തലം വരെയുള്ള എല്ലാ പ്രകടന വിവരങ്ങളും കൃത്യമായി ട്രാക്ക് ചെയ്യാനുള്ള സ്കൂൾ സ്പോർട്സ് യൂണിക് ഐഡന്റിഫിക്കേഷൻ നമ്പറും നിലവിലുണ്ട്. സംസ്ഥാന തലത്തിൽ പങ്കെടുക്കുന്ന കുട്ടികളുടെ രജിസ്ട്രേഷനായി ഈ വർഷം പ്രത്യേക മൊബൈൽ ആപ്ലിക്കേഷനും കൈറ്റ് തയ്യാറാക്കിയിട്ടുണ്ട്. കൈറ്റ് വിക്ടേഴ്സിൽ ലൈവ് കൈറ്റ് വിക്ടേഴ്സ് ചാനൽ വഴിയും ചാനലിന്റെ വെബ്, മൊബൈൽ പ്ലാറ്റ്ഫോമുകൾ വഴിയും കായികമേള ലോകത്തെവിടെനിന്നും ലൈവായി കാണാനും സംവിധാനം ഒരുക്കിയിട്ടുണ്ട്. പ്രധാന വേദികൾ മാറി മാറി ലൈവായി കാണിക്കും. മറ്റ് വേദികളിൽ നിന്നുള്ള ദൃശ്യങ്ങളും കൈറ്റ് വിക്ടേഴ്സിൽ ലഭ്യമാകും. മത്സര ഫലങ്ങൾ, വിജയികളുടെ വിവരങ്ങൾ, അഭിമുഖങ്ങൾ തുടങ്ങിയവയും സംപ്രേഷണം ചെയ്യും. രാവിലെ 06.00 മുതൽ ഉച്ചയ്ക്ക് 12 മണി വരെയും വൈകുന്നേരം 2 മണി മുതൽ മത്സരം അവസാനിക്കുന്നതുവരെയും സംപ്രേഷണം ഉണ്ടായിരിക്കും. www.victers.kite.kerala.gov.in, KITE VICTERS മൊബൈൽ ആപ്പ് എന്നിവ വഴിയും youtube.com/itsvicters എന്ന യുട്യൂബ് ചാനൽ വഴിയും ലൈവായി കാണാം.